**നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

(i) 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ധനാഭ്യർത്ഥനകൾ മുഴുവൻ വിശദമായി ചർച്ച ചെയ്ത് പാസ്സാക്കിയിട്ടുള്ളതാണ്. സഭ പൊതുവിൽ യോജിക്കുകയാണെങ്കിൽ ചർച്ച കൂടാതെ നമുക്ക് ധനവിനിയോഗ ബിൽ പാസ്സാക്കാവുന്നതാണ്.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, സഭയിലുള്ള ഓരോ കക്ഷിയിൽനിന്നും ഓരോരുത്തർ വീതം വളരെകുറച്ച് സമയമെടുത്ത് സംസാരിച്ച് ബിൽ പാസ്സാക്കാം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, വളരെ അഭിമാനത്തോടെയാണ് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ച് സംസാരിക്കുന്നത്. വളരെ ഗുരുതരമായ സാമ്പത്തിക പ്രശ്നങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ വളരെ കരുതലോടെ, ജനങ്ങൾക്ക് ബുദ്ധിമുട്ടുകളുടെ പൊള്ളലേൽക്കരുതെന്ന ധാരണയോടെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചതും അതിന്റെ തുടർച്ചയായി ബഹുമാന്യയായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചതും ധനാഭ്യർത്ഥനകൾ നടത്തിയതും. എല്ലാം മന്ദീഭവിച്ച് പോകുന്ന സാഹചര്യമാണ് സാമ്പത്തിക രംഗത്ത് ലോകമാകെ കാണുന്നത്. ലോകരാജ്യങ്ങളുടെ സാമ്പത്തിക വളർച്ചതന്നെ വളരെയേറെ ചുരുങ്ങിപ്പോയിരിക്കുന്നുവെന്നാണ് റിപ്പോർട്ട്. ചൈന ഒഴികെ മറ്റെല്ലാ ലോകരാജ്യങ്ങളുടെയും ജി.ഡി.പി.-യിൽ വലിയതോതിലുള്ള കുറവാണുണ്ടാകുന്നുവെന്ന് ഐ.എം.എഫ്.-ന്റെയും വേൾഡ് ബാങ്കിന്റെയും

പരിശോധനയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് എട്ട് ശതമാനത്തിന്റെ കുറവാണ് കാണിക്കുന്നത്. ചൈന മാത്രമാണ് ജി.ഡി.പി.-യിൽ 2.3 ശതമാനം വളർച്ച കാണിക്കുന്നത്. ലോകരാജ്യങ്ങളാകെ പരിശോധിച്ചാൽ 3.3 ശതമാനത്തിന്റെ ചുരുക്കം സാമ്പത്തിക മേഖലയിലുണ്ട്. ഇതെല്ലാം കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയെയും ബാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രയോരിറ്റി നിശ്ചയിച്ച് ജനങ്ങൾക്കാവശ്യമായ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്ന രീതിയിലാണ് സാമ്പത്തികമായ ചെലവുകൾ നിർവ്വഹിക്കുന്നതെന്ന് കാണാൻ സാധിക്കും. 5,650 കോടി രൂപയുടെ ക്ഷേമപദ്ധതികൾക്കുള്ള പാക്കേജ് പ്രഖ്യാപിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേന്ദ്ര ഗവൺമെന്റ് 2020-21-ലെ ബഡ്ജറ്റ് നിരാശാജനകമായ രീതിയിലാണ് അവതരിപ്പിച്ചത്. അതിൽ വൻകിട കോർപ്പറേറ്റുകളെ സഹായിക്കുന്ന ധാരാളം പദ്ധതികളുണ്ടെങ്കിലും സാധാരണക്കാർക്ക് അനുകൂലമായ പദ്ധതികളൊന്നുംതന്നെ കാണാൻ സാധിക്കുന്നില്ല. ഫെഡറൽ ഭരണഘടനയനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നയം സംസ്ഥാന

ഗവൺമെന്റിനെ ബാധിക്കും, പ്രത്യേകിച്ച് സാമ്പത്തിക രംഗത്ത് ബാധിക്കും. എന്നാൽ, ആ സഹായമൊന്നുമില്ലാതെ എങ്ങനെയാണ് ഇവിടെ സാധാരണക്കാർക്കുവേണ്ടി ബഡ്ജറ്റ് ക്രമീകരിക്കുക എന്നതാണ് പ്രധാനമായും ധനകാര്യ വകുപ്പുമന്ത്രി പരിശോധിച്ചിട്ടുള്ളതും ഇവിടെ സംസാരിക്കുമ്പോൾ സൂചിപ്പിച്ചിട്ടുള്ളതും. ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യ ദിനത്തിന്റെ നാളുകൾ കൂടിയാണിത്. 74 വർഷം പിന്നിട്ടുകഴിഞ്ഞ സ്വാതന്ത്ര്യത്തിന് അഭിമാനത്തോടുകൂടി തലയുയർത്തി നിൽക്കാനുള്ള, ഇന്ത്യൻ പൗരന്മാരുടെ അവകാശം സംരക്ഷിക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ്. കേരളത്തിൽ സ്വാതന്ത്ര്യത്തിന്റെ അമൃത് മഹോത്സവം, "ആസാദി കാ അമൃത് മഹോത്സവ്" നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇവിടെ അതിന്റെ ഉദ്ഘാടനം നടക്കുമ്പോൾ രബീന്ദ്രനാഥ് ടാഗോറിന്റെ വരികൾ ഓർമ്മിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുകയുണ്ടായി. 'എവിടെ ശിരസ്സ് ഉയർന്നതും മനസ് നിർഭയവുമായി നിൽക്കുന്നുവോ, എവിടെ ഇടുങ്ങിയ ചിന്തകളുടെ വേലിക്കെട്ടുകൾ മനുഷ്യരെ പരസ്പരം വേർതിരിക്കാതിരിക്കുന്നുവോ, ആ സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗത്തിലേക്ക് പ്രഭോ എന്റെ രാജ്യത്തെ

ഉയർത്തേണമേ' എന്നാണ് സ്വാതന്ത്ര്യ സമരത്തിന്റെ നാളിൽ രബീന്ദ്രനാഥ് ടാഗോർ പറഞ്ഞത്. എന്നാൽ ഏതു സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗത്തിലേയ്ക്കാണ് ഈ രാജ്യം ഉയർത്തപ്പെട്ടതെന്ന് ഖേദകരമായി നമുക്ക് നോക്കിക്കാണേണ്ടിയിരിക്കുന്നു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ഗ്രാമങ്ങളിൽ പട്ടിണി പെരുകി വരികയാണ്. കോവിഡ് മഹാമാരി ലോകത്തിലാകെ പട്ടിണി വർദ്ധിപ്പിച്ചിട്ടുണ്ട്. കോവിഡ് മഹാമാരി വന്നയുടനെ കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 20,000 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചതിന്റെ ഭാഗമായാണ് ആ പട്ടിണിയുടെ വർദ്ധനവ് ആ ഒരളവിൽ കേരളത്തിലില്ലാത്തത്. ധനകാര്യ വകുപ്പും ആ രീതിയിൽതന്നെ അത് കൈകാര്യം ചെയ്തു. എന്നാൽ ഇന്ത്യയിൽ പൊതുവെ 30 ശതമാനത്തിലേറെപ്പേർ പുതിയതായി പട്ടിണിക്കാരുടെ ഇടയിലേയ്ക്ക് വന്നിട്ടുണ്ടെന്നുള്ളതാണ് കണക്ക്. നമുക്ക് അഭിമാനത്തോടെ തലയുയർത്തിപ്പിടിച്ച് നിൽക്കാൻ കഴിയുന്നില്ല. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് ചെയ്യുന്നതിനെക്കുറിച്ച് ഇവിടത്തെ പ്രതിപക്ഷത്തിന് യാതൊരു സംശയവുമില്ല. അവർ അതിനെതിരായിട്ടുള്ള യാതൊരു അഭിപ്രായപ്രകടനവും നടത്തുന്നില്ല. ഉത്തർപ്രദേശാണ് ഏറ്റവും

നല്ല സംസ്ഥാനം എന്നാണ് ഇന്ത്യയുടെ പ്രധാനമന്ത്രി ബഹുമാന്യനായ നരേന്ദ്ര മോദി കഴിഞ്ഞ ദിവസം പറഞ്ഞത്. ഉത്തർപ്രദേശാണ് എല്ലാ തരത്തിലുമുള്ള വളർച്ചയ്ക്ക് ആധാരമായ സംസ്ഥാനമെന്നാണ്. ഉത്തർപ്രദേശിനെക്കുറിച്ച് വ്യക്തമായി പരിശോധിക്കുമ്പോൾ എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്ന കാര്യം.., കോവിഡ് പ്രതിരോധത്തിൽ ഉത്തർപ്രദേശ് മുന്നിൽ നിൽക്കുന്നുവെന്ന് യാതൊരു മടിയുമില്ലാതെ ഇന്ത്യൻ പ്രധാനമന്ത്രി പറയുമ്പോൾ, ഉത്തർപ്രദേശ് പതിനായിരക്കണക്കിന് ആളുകളുടെ മരണം പോലും റിപ്പോർട്ട് ചെയ്യാത്ത സംസ്ഥാനമായാണ് നിൽക്കുന്നത്. ഗംഗയിൽ ശവശരീരങ്ങൾ ഒഴുകി നടന്നത് ഇവിടെ സംസാരിക്കുമ്പോൾ പലരും സൂചിപ്പിക്കുകയുണ്ടായി. "ഗംഗ സത്യം വെളിപ്പെടുത്തി" എന്നാണ് വാരണാസി ക്ഷേത്രത്തിലെ പ്രമുഖ പൂജാരി പറഞ്ഞത്. ഗംഗയിലൊഴുക്കിയില്ലായിരുന്നുവെങ്കിൽ ചിലപ്പോൾ ആരും അറിയുമായിരുന്നില്ല. ഈ പതിനായിരങ്ങളെ എവിടെയെങ്കിലും കാട്ടിൽ കുഴിച്ചുമൂടി അതിന്റെ ദുഃഖം സ്വയം പേറിക്കൊണ്ട് ഇന്ത്യൻ പൗരന്മാർ ഒടുങ്ങിപ്പോകുമായിരുന്നു. പക്ഷേ മറവുചെയ്യാൻപോലും സ്ഥലമില്ലാത്ത ആ പാവങ്ങൾ........ എല്ലാം ഭൂസ്വാമിമാരുടെയും വലിയ ഭൂവുടമകളുടെയുമൊക്കെ

ഭൂമിയാണ്. അവിടെയൊന്നും കൊണ്ടുപോയി ദളിതന്റെ ദേഹം മറവു ചെയ്യാൻ പാടില്ല. അതുകൊണ്ട് മൃതദേഹം ഗംഗയിലൊഴുക്കി വിട്ടുവെന്നുള്ളതാണ് വസ്തുത. അതുകൊണ്ടുതന്നെ അക്കാര്യം പുറത്ത് അറിയാൻ കഴിഞ്ഞു. ഗംഗാമാതാവ് സത്യം വെളിപ്പെടുത്തിയെന്നാണ് പൂജാരി പറഞ്ഞത്. ആ ഉത്തർപ്രദേശിനെക്കുറിച്ചാണ് ഏറ്റവും നല്ല രീതിയിൽ കോവിഡിനെ പ്രതിരോധിച്ചുവെന്നു പറയുന്നത്. ഈ സഭാതലത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമെല്ലാം കോവിഡ് പ്രതിരോധത്തെക്കുറിച്ചൊക്കെ ഒരുപാട് പ്രസംഗിച്ചിട്ടുണ്ട്. വളരെ ശാസ്ത്രീയമായ രീതിയിൽ ഈ മഹാമാരിയെ പ്രതിരോധിക്കാൻ പരിശ്രമിച്ചതിന്റെ നേട്ടം കേരളത്തിന് അനുഭവിക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളത് യാതൊരു സംശയവുമില്ലാത്ത കാര്യമാണ്. ഞാനൊരു നീണ്ട പ്രസംഗം നടത്തുന്നില്ല കാരണം ഈ കാര്യങ്ങളെല്ലാം സഭാതലത്തിൽ എത്രയോ തവണ പ്രതിഫലിച്ചിട്ടുള്ളതാണ്. സർക്കാർ ഒരുപാട് ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നു. ഈ സാമ്പത്തിക ദുരന്തങ്ങൾക്കിടയിലും വരാനിരിക്കുന്ന നാളുകളിൽ മനുഷ്യരെ രക്ഷിക്കുന്നതിനാവശ്യമായി കേരളത്തെ ഒരു വിജ്ഞാനസമൂഹമാക്കി

മാറ്റുന്നതിനും പുതിയ രീതിയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും..... 3650 കോടി രൂപ ജനങ്ങൾക്കിടയിൽ ഇടപെടാൻ പ്രഖ്യാപിച്ചതിൽ 2000 കോടി രൂപയോളം താഴെത്തട്ടിലുള്ള ആളുകൾക്ക് വായ്പ കൊടുക്കുന്നതിനായാണ്. ഒരു സമൂഹത്തിന്റെ സാമ്പത്തിക മേഖലയിൽ ചലനാത്മകത സൃഷ്ടിച്ചുകൊണ്ടു മാത്രമേ പ്രതിസന്ധികളെ മറികടക്കാൻ സാധിക്കുകയുള്ളൂ. അല്ലെങ്കിൽ എല്ലാംതന്നെ തണുത്തുറഞ്ഞ് ഒന്നും നടക്കാത്തൊരു സമൂഹമായി മാറിപ്പോകും. അതുകൊണ്ട് കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവ മുഖേന വായ്പ കൊടുക്കുന്നതിനും ചെറുകിട വായ്പകൾക്ക് പലിശ കുറച്ചുകൊടുത്തുകൊണ്ടുമാണ് വലിയ തോതിൽ നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ ഇടയിൽ ജീവനോപാധി ഉണ്ടാക്കിയെടുക്കുന്നതിനുള്ള പരിശ്രമം ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് ലോകത്തിന് മാതൃകയാണ്. കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണവും ശാസ്ത്രീയമായ ഇടപെടലും ഇന്നല്ലെങ്കിൽ നാളെ പ്രകീർത്തിക്കപ്പെടുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കാരണം ഈയൊരു വലിയ പ്രതിസന്ധിയെ മറികടക്കാൻ മറ്റ് ശാസ്ത്രീയ മാർഗ്ഗങ്ങളില്ല. കിഫ്ബി വഴി മൂലധനചെലവ് വർദ്ധിപ്പിക്കുന്നതിനും

ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനും മറ്റ് ആധുനികവത്കരണത്തിനും നാം കോടികൾ കൊടുത്തപ്പോൾ സമൂഹത്തിലാകെ അതിന്റെ ചലനാത്മകതയുണ്ടായി എന്നുള്ളതാണ് വസ്തുത. ധാരാളം തൊഴിലവസരങ്ങൾ, പണത്തിന്റെ ക്രയവിക്രയം ഇതെല്ലാം വലിയ തോതിൽ സമൂഹത്തിൽവന്നതുകൊണ്ടാണ് വലിയ തോതിൽ തണുത്തുറഞ്ഞു പോയ ഒരവസ്ഥ കേരളത്തിലുണ്ടാകാതെയിരുന്നത്. അതിപ്പോഴും തുടരുകയാണ്. കിഫ്ബിയുടെ പ്രവൃത്തികളെല്ലാം ഭരണാനുമതി നൽകിക്കഴിഞ്ഞ്, മിക്കവാറും പ്രവൃത്തികൾ ടെണ്ടർ സ്റ്റേജിലെത്തിയിരിക്കുകയാണ്. ടെണ്ടർ നടപടികൾ കഴിഞ്ഞ് ഈ പ്രവൃത്തികളെല്ലാം വരുന്ന അഞ്ചുവർഷം കേരളത്തിൽ നടക്കുമ്പോൾ കേരളത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ഒരു പുതിയ ഉണർവ്വും ചലനവും ഉണ്ടാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ടുതന്നെ ഈ പ്രതിസന്ധികളെ മറികടക്കാൻ ഇത്തരം പ്രവർത്തനങ്ങളിലൂടെ നമുക്ക കഴിയുമെന്നുള്ളത് ഉറപ്പാണ്.

ഇപ്പോൾ യു.ഡി.എഫ്.-കാർ സഭ ബഹിഷ്കരിച്ചിരിക്കുകയാണ്. എന്തിനാണ് അവർ സഭ ബഹിഷ്കരിച്ചിരിക്കുന്നത്? കേരളത്തിന്റെ

മുഖ്യമന്ത്രിക്കെതിരെ അധിക്ഷേപ വർഷങ്ങൾ ചൊരിഞ്ഞിരിക്കുകയാണ്. ഉത്തരവാദിത്തമുള്ളൊരു പ്രതിപക്ഷം പെരുമാറുന്നതുപോലെയാണോ അവർ പെരുമാറുന്നത്; എന്തിന്റെ പേരിലാണ് മുഖ്യമന്ത്രി സ്വർണ്ണം കടത്തിയെന്ന് ആക്ഷേപിച്ചുകൊണ്ട് വളരെ മോശമായ മുദ്രാവാക്യങ്ങളടക്കം വിളിച്ചുകൊണ്ട് കേരളത്തിലെ പ്രതിപക്ഷം ഈ തരത്തിലുള്ള ഗോഷ്ഠി കാണിക്കുന്നത്; ഉത്തരവാദിത്തമുള്ള, അന്തസുറ്റ ഒരു പ്രതിപക്ഷം വളരെ വ്യക്തമായൊരു തെളിവുകളുമില്ലാതെ ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിസ്ഥാനത്തിരിക്കുന്ന ഒരാൾക്കെതിരെ ഇതുപോലുള്ള ആക്ഷേപം സാധാരണഗതിയിൽ ഉന്നയിക്കാറില്ല. സാധാരണ ഒരു തമാശയല്ല ഈ പറയുന്നത്. കേസിലെ പ്രതികൾ എവിടെയോ എന്തോ പറഞ്ഞുവെന്ന് അനുമാനിച്ചുകൊണ്ട് അതിന്റെ യാതൊരു തെളിവുമില്ലാതെ കേരളത്തിന്റെ മുഖ്യമന്ത്രിയെ പരിഹസിക്കാൻ പുറപ്പെടുകയാണവർ. ഇതെല്ലാം ഈ നാട് നോക്കിക്കാണുന്നുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലം കടുത്ത ജീവിത പ്രതിസന്ധികൾക്കിടയിൽ, ധാരാളം പ്രകൃതിദുരന്തങ്ങളും അതുപോലുള്ള ബുദ്ധിമുട്ടുകളും വന്നുചേർന്ന അവസരത്തിൽ പതറാതെ കേരളത്തെ മുന്നോട്ടുനയിച്ച മുഖ്യമന്ത്രിയുടെ കരുത്തുറ്റ തീരുമാനത്തിന്റെ ഭാഗമായാണ്

ജനങ്ങൾ 99 സീറ്റ് നൽകി ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ അധികാരത്തിലെത്തിച്ചിട്ടുള്ളത്, ഈ നാട്ടിലെ ജനങ്ങൾക്ക് നന്നായി ധാരണയുള്ളതുകൊണ്ടാണ്. ആ മുഖ്യമന്ത്രിക്കും ഗവൺമെന്റിനുമെതിരെ ഇതുപോലുള്ള പ്രഹസനങ്ങൾ നടത്തിയാൽ അതൊന്നും ജനങ്ങൾ വിശ്വസിക്കാൻ പോകുന്നില്ല എന്നുള്ളതാണ് വസ്തുത. ഈ പ്രതിസന്ധിഘട്ടത്തിൽ നടത്തേണ്ടുന്ന കൂട്ടായ ഉത്തരവാദിത്വത്തിൽ നിന്നും വേറിട്ടുകൊണ്ട് അതിൽ നിന്നും മാറിക്കൊണ്ട് പ്രതിപക്ഷം സഭ ബഹിഷ്കരിച്ച് പോയിരിക്കുകയാണ്. പക്ഷേ ഇതൊന്നും നമ്മുടെ നാട്ടിലേശില്ല. തെരഞ്ഞെടുപ്പിന്റെ സമയത്ത് മുഴുവൻ  കിറ്റും സഹായങ്ങളും പെൻഷനും കൊടുത്തതിനെ കളിയാക്കി  പ്രസംഗിച്ചു. കിറ്റ് വാങ്ങി ഉപയോഗിക്കുന്ന, അതുപോലെ പെൻഷൻ കിട്ടിയതിലാശ്വസിക്കുന്ന ജനങ്ങളുടെ മുഖത്തു നോക്കിയാണ് അവർ അങ്ങനെയുള്ള പ്രസംഗം നടത്തിയത്. അതുകൊണ്ടുതന്നെ ജനങ്ങളത് നന്നായി മനസിലാക്കി. ഈ കിറ്റ് കൊടുക്കുക എന്നുള്ളത് ശാശ്വതമായൊരു പരിഹാരമല്ല. അതിനുപകരം ഒരുപാട് കാര്യങ്ങൾ ചെയ്യാനുള്ള തീരുമാനം എടുത്തുകൊണ്ടാണ് ഈ ധനവിനിയോഗത്തിനാവശ്യമായിട്ടുള്ള അഭ്യർത്ഥനയെല്ലാം വച്ചിട്ടുള്ളത്.

വലിയ ബുദ്ധിമുട്ട് വരുന്ന കാലത്ത് കിറ്റ് വളരെ ഗുണകരമായിരുന്നുവെന്ന് നമുക്ക് തെളിഞ്ഞു. കേരളത്തിൽ പട്ടിണി വർദ്ധിക്കാതിരുന്നത് ഭക്ഷ്യകിറ്റുകളും കമ്മ്യൂണിറ്റി കിച്ചണുമൊക്കെയായിട്ടുള്ള ഇടപെടലിന്റെ ഭാഗമായിട്ടാണ്. അതിനെ പരിഹസിക്കുകയാണ് പ്രതിപക്ഷം. കേരളത്തിലെ പ്രതിപക്ഷം യഥാർത്ഥത്തിൽ ദുർബലമാണ്; ദുർബലമായ ഒരു പ്രതിപക്ഷത്തിന് ജനാധിപത്യ പ്രക്രിയയിൽ ഒന്നും ചെയ്യാൻ സാധിക്കില്ല. വളരെ ശക്തമായ, ക്രിയാത്മകമായ വിമർശനങ്ങൾ ഉന്നയിച്ചും ക്രിയാത്മകമായ ഇടപെടൽ നടത്തിയും മാത്രമെ പ്രതിപക്ഷത്തിന് ഒരു ജനാധിപത്യ പ്രക്രിയയെ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. കേരളത്തിലെ പ്രതിപക്ഷം ജനാധിപത്യപ്രക്രിയയ്ക്ക് ഒരു സംഭാവനയും ചെയ്യുന്നില്ല. ഞാൻ ചുരുക്കുകയാണ്. ഇവിടെ പ്രതിപക്ഷമായി ഇരിക്കുന്നത് കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ആണ്. അവരുടെ ഭരണകാലത്ത് നടത്തിയ അഴിമതിക്കഥകളെല്ലാം നമ്മൾ വീണ്ടും ഈ സഭാതലത്തിൽ അഴിച്ചു വയ്ക്കേണ്ടതായിട്ടില്ല. എങ്കിലും ദേശീയ ഗെയിംസ് നടത്തിയതിന്റെ പേരിൽ, അവിടെ ഉപയോഗിക്കാനാവശ്യമായിട്ടുള്ള എയർകണ്ടീഷനുകൾ അടിച്ചു മാറ്റിക്കൊണ്ടുപോയ ഒരവസ്ഥ

അന്നുണ്ടായിരുന്നു. ഗ്രൗണ്ടുണ്ടാക്കിയതിൽ, വാട്ടർബോട്ടിൽ വാങ്ങിയതിലൊക്കെ അഴിമതി കാണിച്ചിരുന്നു. 500 എണ്ണം എ.സി എടുത്തുകൊണ്ടു പോയി. ജെഴ്സി വാങ്ങിയതിൽ അഴിമതി കാണിച്ചു. ഇങ്ങനെ വൃത്തികെട്ട രീതിയിൽ ഒരു രാജ്യത്തിലെ, സംസ്ഥാനത്തിന്റെ സമ്പത്ത് മുഴുവൻ ഊറ്റിയെടുത്തുകൊണ്ടു പോകുന്ന അഴിമതി നടത്തിയവരാണിവിടെയിപ്പോൾ അഴിമതിയെക്കുറിച്ച് പ്രസംഗിക്കുന്നത്. ഒരു ഉത്തരവാദിത്ത ബോധവുമില്ലാതെ വായ്ക്കുതോന്നിയതെല്ലാം വിളിച്ചു പറയുന്നൊരു പ്രതിപക്ഷം ജനാധിപത്യത്തിന് മുതൽക്കൂട്ടല്ലായെന്നുള്ളത് അതുകൊണ്ടാണ് പറഞ്ഞത്. ഞാൻ ചുരുക്കുകയാണ്, ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ ഈ 75-ാം വാർഷികനാളിൽ നാമെല്ലാവരും ഒരുമിച്ച് ചേർന്ന് പ്രവർത്തിക്കേണ്ടത് നമ്മുടെ സ്വാതന്ത്ര്യം, ജനാധിപത്യം, സെക്കുലറിസം, സോഷ്യലിസം അതെല്ലാം സംരക്ഷിക്കുന്നതിനായാണ്. കേരളം ഈ കാര്യത്തിലെല്ലാം എപ്പോഴും മാതൃകയാണ്. ഇവിടെ സമാധാനത്തോടെ ജനങ്ങൾക്ക് ജീവിക്കാം. ഏത് ജാതി-മത വിഭാഗത്തിൽപ്പെട്ടവരായാലും പഴയ ഫ്യൂഡൽ രീതിയുടെയെല്ലാം ചില മനോഭാവങ്ങൾ ചിലരിലുണ്ടെന്നുള്ളത് വസ്തുതയാണ്. പക്ഷേ അതെല്ലാം

മേൽകയ്യിലേയ്ക്ക് വരാതെ യഥാർത്ഥത്തിൽ ഒരു സെക്കുലർ മനോഭാവം കേരളത്തിലുടനീളം പടരുന്നതിന് ഇവിടത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങളും ഇടതുപക്ഷ ജനാധിപത്യമുന്നണിയും നല്ല യുക്തിബോധമുള്ള നമ്മുടെ നാട്ടിലെ മനുഷ്യരും കൂട്ടുനിൽക്കുന്നതുകൊണ്ടു തന്നെയാണ് ഈ നാട്ടിലെ മഹാഭൂരിപക്ഷം ആളുകളും ഇടതുപക്ഷത്തോടു ചേർന്നു നിൽക്കുന്നത്. ഇനിയും അത് തുടരണം. ഈ രാജ്യത്തിന് ചൂണ്ടിക്കാണിക്കാൻ ഒരു ജനാധിപത്യത്തിന്റെ മതേതരബോധത്തിന്റെ ഒരു തുരുത്തെങ്കിലും ഉണ്ടാകണം. ഭരണഘടനാദത്തമായ വാഗ്ദാനങ്ങൾ പാലിക്കുന്ന ഒരിടമാണ് കേരളം. സ്വാതന്ത്ര്യത്തിന്റെ ഈ 75-ാം വാർഷികത്തിൽ കേരളത്തിന് ചൂണ്ടിക്കാണിക്കാനുള്ളത്, ദേ കേരളത്തെ നോക്കൂ; ഇവിടെ നാനാ ജാതി-മതസ്ഥരായ ആളുകൾ സൗഹാർദ്ദത്തോടെ ജീവിക്കുന്നു. ഇവിടെ ജാതിപരമായ ഉച്ചനീചത്വങ്ങൾക്കതീതമായി മനുഷ്യന്റെ കഴിവും ഇടപെടലും ഞങ്ങൾ പ്രധാനമായിട്ടെടുക്കുന്നു. ജനാധിപത്യത്തിന്റെ മൂലക്കല്ലതാണ്. മനുഷ്യരുടെ കഴിവ് ഉപയോഗപ്പെടുത്തുക; എല്ലാവർക്കും അവസര സമത്വം പ്രദാനം ചെയ്യുക; അതിൽ ജാതിഭേദമോ മറ്റേതെങ്കിലും തരത്തിലുള്ള ഉച്ചനീചത്വമോ ഇല്ലാതാക്കുക; നമ്മൾ പരിശ്രമിക്കുന്നത്

ഇന്ത്യൻ ഭരണഘടനയിലെഴുതിച്ചേർത്ത യഥാർത്ഥ ജനാധിപത്യം ജനങ്ങൾക്ക് പകർന്നു നൽകാനാണ്; മതേതരത്വ സമൂഹമായി ഈ സമൂഹത്തെ നിലനിർത്താനാണ്. അതിന് കേരളത്തെ ഒരു മാതൃകയാക്കി വീണ്ടും മുന്നോട്ടു നയിക്കാൻ നമുക്കു കഴിയണം. അതിന് കഴിയുന്ന രീതിയിലാണ് നമ്മുടെ ഈ ബഡ്ജറ്റും ക്രമീകരിച്ചിട്ടുള്ളത്; അതിന് എല്ലാ ജനങ്ങളുടെയും പിന്തുണ ആവശ്യമാണ്. അതിനെ ഇല്ലാതാക്കാൻ നടത്തുന്ന ഈ കോപ്രായങ്ങൾ അവസാനിപ്പിക്കാൻ കേരളത്തിലെ പ്രതിപക്ഷം തയ്യാറായിക്കൊണ്ട് ഭരണപക്ഷത്തോടുകൂടി ഈ പ്രവർത്തനങ്ങളോട് സഹകരിച്ച്..... വിമർശനങ്ങളാവാം, പക്ഷേ ഒരു വലിയ പ്രതിസന്ധിയുടെ നാളിൽ ഒരു പ്രതിപക്ഷവും ചെയ്യാൻ പാടില്ലാത്തതാണ്. ഇപ്പോൾ അനുഭവിക്കുന്ന കോവിഡ് മഹാമാരിയുടെ ദുരന്തങ്ങളിൽനിന്നും കരകയറാൻ ഗവൺമെന്റിന്റെ കൂടെനിന്ന് പ്രവർത്തിക്കേണ്ടുന്ന പ്രതിപക്ഷം സഭ അവസാനിപ്പിക്കാൻപോലും കാത്തുനിൽക്കാതെ, ഈ സഭയുടെ അവസാനത്തെ ദിവസമായ ഇന്ന് തീരുമാനങ്ങളെടുത്ത് പിരിയുന്നതിനു പോലും കാത്തുനിൽക്കാതെ ഇറങ്ങിപ്പോയത് ജനാധിപത്യ ബോധമില്ലായ്മ കൊണ്ടുതന്നെയാണ്. ഈ ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളും ഈ

നാട്ടിലെ ജനങ്ങൾക്കുവേണ്ടിയാണ്. അവർ അത് രണ്ടു കയ്യും നീട്ടി സ്വീകരിക്കും. പോരായ്മകൾ ഉണ്ടാകുമെങ്കിലും അവർക്കത് മനസിലാക്കാൻ സാധിക്കുകയും ചെയ്യും. കാരണം ഈ മഹാമാരി വിതച്ചിട്ടുള്ളത് അത്രയും വലിയ ദുരന്തങ്ങളാണെങ്കിലും നമുക്കതിൽനിന്നും കരകയറിയേ മതിയാകുകയുള്ളൂ. ജനങ്ങളുടെ ശക്തിയിൽ വിശ്വസിച്ചുകൊണ്ട് അവരെ കൂട്ടുപിടിച്ചുകൊണ്ട് നാം മുന്നോട്ടു പോകും. നമ്മുടെ ഗവൺമെന്റിനും മുഖ്യമന്ത്രിക്കുമെല്ലാം എതിരായി എത്രതന്നെ അട്ടഹസിച്ചാലും സത്യസന്ധമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിനെ തകർക്കാനോ മുഖ്യമന്ത്രിയുടെ മനോബലം തകർക്കാനോ ആർക്കും സാധിക്കില്ല; പ്രതിപക്ഷത്തിന് സാധിക്കില്ല. വളരെ ധീരമായി ഈ പ്രതിസന്ധിഘട്ടത്തിലും കേരളത്തെ മുന്നോട്ടുനയിക്കാൻ കേരളത്തിലെ മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും നിയമസഭയിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അംഗങ്ങളും ഈ നാട്ടിലെ ജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഞാൻ ഈ ബില്ലിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. കോവിഡ് മഹാമാരിയുടെ മുമ്പിൽ നിൽക്കുന്ന കേരളത്തെ കരകയറ്റാനുള്ള പ്രവർത്തനങ്ങളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്യുന്നത്. രണ്ടാം തരംഗത്തെ കാര്യക്ഷമമായി നേരിടാനും മൂന്നാം തരംഗത്തെ പരമാവധി വൈകിപ്പിച്ച് അതിനെ പ്രതിരോധിക്കാൻ വേണ്ട equipments ആരോഗ്യമേഖലയിൽ ഉണ്ടാക്കാനുമുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിന് ഏറ്റവും പ്രധാനപ്പെട്ടതാണ് ഈ ബിൽ പാസാകുകയെന്നത്. കോവിഡ് മഹാമാരിയുടെ മുമ്പിൽ പ്രതിരോധം തീർക്കേണ്ട സമയത്ത് അത് ചർച്ച ചെയ്യാൻ തയ്യാറാകാതെ സഭ ബഹിഷ്കരിച്ചുപോയ പ്രതിപക്ഷത്തെ നാളെ ചരിത്രം വിലയിരുത്തുന്നത് 'നിരുത്തരവാദപരമായി നാടിനെ പിന്നിൽനിന്ന് കുത്തിയവർ' എന്നായിരിക്കുമെന്ന് ഞാൻ ഈ സമയത്ത് പറയാൻ ആഗ്രഹിക്കുകയാണ്. വലിയ രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ മഹാമാരിയിൽ സാമ്പത്തിക മാന്ദ്യം ലോകമാകെ പടർന്നുപിടിക്കുകയാണ്. പല വികസിത രാജ്യങ്ങളും പത്തുവർഷം പിറകിലേയ്ക്ക് പോകുമെന്നാണ് കണക്കുകൾ പറയുന്നത്.

നമ്മുടെ രാജ്യവും വലിയ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കാണ് പോകുന്നതെന്നാണ് ഓരോ കണക്കുകളും വ്യക്തമാക്കുന്നത്. സമയക്കുറവ് കാരണം ഞാൻ അതൊന്നും വിശദമായി പറയുന്നില്ല. പല സർക്കാരും അസ്ഥിരമായിക്കൊണ്ടിരിക്കുന്നു. പല ഭരണാധികാരികളും രാജിവച്ചുപോയി. ഈ കോവിഡ് മഹാമാരിയുടെ പ്രതിസന്ധിയിലും ജനങ്ങളുടെ കൂടെനിന്ന് അതിശക്തമായി പ്രതിരോധ പ്രവർത്തനങ്ങൾ തീർത്തതിനാൽ ഏറ്റവും ഉറപ്പുള്ളൊരു ഗവൺമെന്റാണെന്ന് അറിഞ്ഞതുകൊണ്ട് തെരഞ്ഞെടുപ്പിലൂടെ ജനങ്ങളുടെ വിശ്വാസം വീണ്ടും ആർജ്ജിച്ചുവന്ന ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ പിന്തുണയ്ക്കാതെയാണ് പ്രതിപക്ഷം ഇറങ്ങിപ്പോയത്. കിഫ്ബി 64,000 കോടി രൂപയുടെ വൻകിട വികസന പദ്ധതികൾ നടപ്പിലാക്കുന്നു. മഹാത്മാ ഗാന്ധിയുടെ സങ്കൽപ്പം പോലെ 'സർവോദയ ത്രൂ അന്ത്യോദയ' സങ്കല്പം നടപ്പിലാക്കാനും അതിദാരിദ്ര്യം കേരളത്തിന്റെ മണ്ണിൽനിന്ന് തുടച്ചുനീക്കാനുമുള്ള പ്രവർത്തനങ്ങൾ ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. അഞ്ച് വർഷം കൊണ്ട് 6,000 കോടി രൂപ മുതൽ 7000 കോടി രൂപവരെയുള്ള വിവിധ പദ്ധതികളാവിഷ്കരിച്ചും മൈക്രോ പ്ലാനുകൾ നടത്തിക്കൊണ്ടും അതിദാരിദ്ര്യം ഗവൺമെന്റ്

ഇല്ലാതാക്കിയതോടൊപ്പം ദുരിതകാലത്ത് ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുകയും പണം അവരുടെ കൈകളിലേയ്ക്ക് എത്തിക്കുകയും ചെയ്തു. പ്രതിപക്ഷം 'ന്യായ്' പദ്ധതിയെക്കുറിച്ച് പറഞ്ഞു. 'ന്യായ്' പദ്ധതി ഇന്ത്യയിൽ ഒരിടത്തുമില്ല. കേരളത്തിലെ ഗവൺമെന്റ് ഈ പ്രതിസന്ധിഘട്ടത്തിലും ഈ ഓണക്കാലത്ത് 27,52,919 കുട്ടികൾക്ക് ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് കുട്ടികൾക്കുള്ള ബ്രേക്ക് ഫാസ്റ്റിനുപോലും നാലായിരം കോടി രൂപ കൊടുക്കാനുള്ളത് അനുവദിക്കാതിരുന്ന സമയത്താണ് കേരളത്തിലെ ഗവൺമെന്റ് നമ്മുടെ കുട്ടികളെ കരുതലോടെ കണ്ടത്. രണ്ട് മാസത്തെ ക്ഷേമപെൻഷനായി 1700 കോടിരൂപ ഇതിനോടകം കൊടുത്തുകഴിഞ്ഞു. 2000 കോടിരൂപയുടെ വായ്പാ പദ്ധതികളും മറ്റ് പദ്ധതികളുമായി ഈ ഓണക്കാലത്ത് മാത്രമായി 5500 കോടി രൂപ ജനങ്ങളിലേയ്ക്ക് എത്തിച്ചൊരു ഗവൺമെന്റ്, കോവിഡ് ചികിത്സ പരമാവധി സൗജന്യമാക്കിക്കൊടുക്കുന്ന ഇന്ത്യയില ഏക ഗവൺമെന്റാണ് കേരളത്തിലുള്ളത്. കേന്ദ്ര ഗവൺമെന്റ് ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കുകയും വാക്സിൻ പ്രൈവറ്റൈസ് ചെയ്യുകയും ചെയ്യുന്നു. തെരെഞ്ഞെടുപ്പ് പ്രഖ്യാപിച്ചതുമുതൽ ഏതാണ്ട് 65 ദിവസം പെട്രോളിന്റെയും

ഡീസലിന്റെയും വില വർദ്ധിച്ചില്ല. അതുകഴിഞ്ഞപ്പോൾ സെഞ്ച്വറിയടിച്ച് അതിന്റെ മുകളിലേയ്ക്ക് പോകുന്നു. പാചകവാതകത്തിന്റെയും വില വർദ്ധിക്കുന്നു. ഇങ്ങനെ മഹാമാരിക്കാലത്തും ജനങ്ങളെ ദുരിതത്തിലാക്കുമ്പോഴാണ്, അതിൽനിന്ന് വ്യത്യസ്തമായൊരു നിലപാട് ഈ ഗവൺമെന്റ് സ്വീകരിച്ചത്. ഗവൺമെന്റിന്റെ വ്യത്യസ്തമായ ഈ പ്രവർത്തനങ്ങൾ രാജ്യത്തിനും ലോകത്തിനുംതന്നെ മാതൃകയായിരിക്കുകയാണ്. കോവിഡിന്റെ കാര്യങ്ങളിലേയ്ക്കൊന്നും വിശദമായി കടക്കുന്നില്ല. എന്നാലും ഒരുകാര്യം പറയാതെ പോകാൻ കഴിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ജയിലിൽ കിടക്കുന്ന ഒരു പ്രതി മൊഴി നൽകിയെന്നുപറഞ്ഞുകൊണ്ടാണ് പ്രതിപക്ഷം രണ്ടുദിവസമായി പ്രധാനപ്പെട്ട ചർച്ചകളിൽ പങ്കെടുക്കാതെ പുറത്തുപോകുന്നത്. ജനകീയ കോടതികളിൽ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച് ജനങ്ങൾ തിരസ്കരിച്ച ആരോപണങ്ങളുമായി വീണ്ടും പ്രതിപക്ഷം വരികയാണ്. ഇന്നലെ ഒരു പ്രതീകാത്മക നിയമസഭ, നിയമസഭയുടെ പുറത്തുപോയി നടത്തി. നിയമസഭയിൽ കോവിഡ് കാര്യങ്ങൾ ചർച്ചചെയ്താൽ അത് പാസായാൽ അത് ഈ നാട്ടിലെ സാധാരണക്കാർക്കാണ് ഗുണം. ഇന്നലെയും ഇന്നും

ഞാൻ ശ്രദ്ധിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും മറ്റ് അധഃസ്ഥിത വർഗ്ഗങ്ങളുടെയും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ചർച്ചകൾ നടക്കുമ്പോഴാണ് പ്രതിപക്ഷം ബഹളംവച്ച് ചർച്ചകൾ നടക്കാൻ സമ്മതിക്കാതിരുന്നതെന്നുകൂടി നമ്മളാലോചിക്കണം. ഒരു കാര്യത്തിൽ സന്തോഷമുണ്ട്. മുഖ്യമന്ത്രി ആരാകുമെന്നുള്ളതിൽ വലിയ തർക്കങ്ങൾ നിലനിൽക്കുന്നൊരു സാഹചര്യം ഉണ്ടായിരുന്നു. പ്രതീകാത്മകമായതുകൊണ്ട് തർക്കം ഉണ്ടാകാത്തതുകൊണ്ടാണോ ഉണ്ടായതുകൊണ്ടാണോ എന്നറിയില്ല, ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. വി. ഡി. സതീശനും, ഡോ. എം. കെ. മുനീറും, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുമായില്ല. അവസാനം ശ്രീ. പി. കെ. ബഷീർ സാഹിബിനെ ആക്കി. ഒരു കാര്യം പറയാം. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പാർലമെന്റ് അംഗത്വം രാജിവച്ച് ഇവിടെ വന്നിട്ട് പ്രതീകാത്മകമായ മുഖ്യമന്ത്രിയെങ്കിലുമാക്കി അദ്ദേഹത്തിന്റെ ആഗ്രഹം സാധിച്ചുകൊടുക്കാമായിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. പ്രധാനമായും പ്രതീകാത്മക മുഖ്യമന്ത്രിയായ ശ്രീ. പി. കെ. ബഷീർ സാഹിബിന്റെ ഉപ്പ സീതി ഹാജി അടക്കമുള്ളവർ ചന്ദ്രിക ദിനപത്രത്തിൽ നടത്തിയ പ്രവർത്തനങ്ങൾ നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്.

ലീഗ് സ്ഥാപിതമാകുന്നതിനുമുമ്പ് 1934-ലാണ് ചന്ദ്രിക ദിനപത്രം സ്ഥാപിച്ചത്. 1948-ലാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് ഉണ്ടായത്. ചന്ദ്രിക ദിനപത്രത്തിൽ നല്ല പ്രവർത്തനങ്ങൾ ലീഗിന്റെ നേതാക്കൾ നടത്തിയിട്ടുണ്ട്. ഇവിടെ പ്രതീകാത്മകമായ മുഖ്യമന്ത്രിയായി 'പിണ്ണാക്കിന് വില കൂട്ടില്ലെന്നും കുറയ്ക്കുമെന്നും, നടത്താൻ ഉദ്ദേശ്യമില്ലെന്നെല്ലാം' പറഞ്ഞ് അവിടെ കോമഡി നടത്തിയ ശ്രീ. പി. കെ. ബഷീർ സാഹിബിനോടും ലീഗിന്റെ നേതാക്കളോടും ചോദിക്കാൻ ഒറ്റക്കാര്യമെയുള്ളൂ, ഈ കാപട്യം എന്തിനാണ് നിങ്ങൾ കാണിക്കുന്നത്? ചന്ദ്രിക പത്രത്തിലെ പ്രവർത്തനവുമായി ബന്ധപ്പെട്ട പാവപ്പെട്ട തൊഴിലാളികളുടെ ആനുകൂല്യം കൊടുത്തിട്ട് പോരെ ഇത്തരത്തിലുള്ളൊരു പ്രതീകാത്മകമായ മുഖ്യമന്ത്രിയുടെ സംസാരം. ചന്ദ്രിക ഇങ്ങനെയായതിൽ ഏറ്റവും വലിയ പ്രവർത്തനങ്ങൾ നടത്തിയ ആളാണ് സി.എച്ച്. മുഹമ്മദ് കോയയുടെ മകനായ മുനീർ സാഹിബ്. 2016-17-ൽ പിരിച്ച ആ പതിനാറ് കോടി രൂപ എവിടെപ്പോയി എന്നറിയില്ല. തൊഴിലാളികളുടെ പി.എഫ്.-ൽ നിന്നും പിരിച്ച പണം എവിടെപ്പോയി എന്നറിയില്ല. കമ്പ്യൂട്ടർവൽക്കരിക്കാൻ വേണ്ടി KMCC കൊടുത്ത നാലുകോടി രൂപ എവിടെപ്പോയി എന്നറിയില്ല. ഞങ്ങൾ

പറഞ്ഞതല്ല. ജയിലിൽകിടക്കുന്ന ഏതെങ്കിലുമൊരു പ്രതി രക്ഷപ്പെടാൻവേണ്ടി മൊഴികൊടുത്തതുമല്ല. ലീഗിൽ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയെന്ന് പറയുന്ന പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ ചന്ദ്രികയിലെ പ്രശ്നം പരിഹരിക്കാൻ ചുമതലപ്പെടുത്തിയ തങ്ങളുടെ മകൻ മൊയ്നലി തങ്ങൾ പരസ്യമായി പത്രത്തിൽ പറഞ്ഞു, അദ്ദേഹത്തിന്റെ ബാപ്പക്കെതിരായി ഇ.ഡി. അന്വേഷണം വന്നതിന്റെ ഉത്തരവാദിയും ബാപ്പയെ രോഗിയാക്കിയതും കുഞ്ഞാലിക്കുട്ടി സാഹിബാണെന്ന്. പാണക്കാട് തങ്ങൾമാർ ഇത്രയും പരസ്യമായി ഇതിനുമുൻപ് വന്നിട്ടില്ല. പാണക്കാട് തങ്ങളെ ഇ.ഡി. അന്വേഷിക്കുന്ന തരത്തിലേയ്ക്ക് അതുമാറി. ഇത്രയും വലിയ കള്ളപ്പണവും ഇത്രയും വലിയ കള്ളപ്പണം വെളിപ്പിക്കലുമുണ്ടായിട്ട് ചന്ദ്രികയുടെ നേതൃത്വത്തിൽ നിൽക്കുന്ന, ചന്ദ്രികയടക്കം നടത്തുന്ന പാർട്ടിയുടെ നേതാക്കൾ പ്രതീകാത്മകമായി കേരളത്തിന്റെ മുഖ്യമന്ത്രിക്കെതിരായിട്ടുള്ള വലിയ സമരത്തിന്റെ ഭാഗമാണെന്നുപറഞ്ഞ് മുഖ്യമന്ത്രിയായി അവിടെ അവരോധിച്ചുകൊണ്ട് സംസാരിച്ചു. എന്നാൽ ഒരു കാര്യം പറയട്ടെ, എന്തെല്ലാം ആരോപണങ്ങൾ വന്നു, എന്തൊക്കെയാണ് കള്ളപ്പണത്തിന്റെയും സ്വർണ്ണക്കടത്തിന്റെയും

കാര്യമായി പറഞ്ഞത്. എന്നിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ സഖാവ് കെ.ടി. ജലീലിനോ എതിരെ ഒരററസ്റ്റും നടന്നിട്ടില്ല, ഒരു തെളിവുമുണ്ടായിട്ടില്ല. എന്നിട്ടും വ്യക്തമായ തെളിവുള്ള കാര്യങ്ങളിലെടുക്കുന്ന ഇരട്ടത്താപ്പ് ഇതാണ് പ്രതിപക്ഷത്തിന്റെ രാഷ്ട്രീയം. ഈ രാഷ്ട്രീയം ചർച്ച ചെയ്യുമെന്നുള്ളതുകൊണ്ടാണ് 'നടക്കാത്ത മോഹം കരഞ്ഞു തീർക്കുന്നതുപോലെ' പ്രതീകാത്മകമായി നിയമസഭയുടെ പുറത്ത് തീർത്തതെന്ന പറയാനാഗ്രഹിക്കുകയാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ജനങ്ങൾക്കുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട ജനകീയ അംഗീകാരം നേടിയൊരു സർക്കാർ ജനങ്ങൾക്കുവേണ്ടി നിയമസഭയിൽ നിയമനിർമ്മാണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ അതിൽ ഭാഗമാകാതെ അത് ബഹിഷ്കരിച്ച് ഈ നിയമസഭയുടെ പരിസരത്ത് വച്ചുതന്നെ ഒരു സമാന്തര നിയമസഭ പ്രകടനം നടത്തിയത് ക്രമവിരുദ്ധമല്ലേ; ജനാധിപത്യവിരുദ്ധമല്ലേ; അവർക്കെതിരെ യഥാർത്ഥത്തിൽ നടപടികൾ സ്വീകരിക്കേണ്ടതല്ലേ?

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, സത്യത്തിൽ പറഞ്ഞാൽ അതാണ് ശരി. മലർന്നുകിടന്ന് തുപ്പുകയാണ്. നിയമസഭയ്ക്കകത്ത് വളരെ പരസ്യമായി

കള്ളപ്പണത്തിനെതിരെയും അഴിമതിക്കെതിരെയും പറയാനും കോവിഡ് പ്രതിരോധത്തിന്റെ കാര്യത്തിൽ സംസാരിക്കാനുമുള്ള ധൈര്യമില്ലാത്തതുകൊണ്ടാണ്, എതിർശബ്ദങ്ങൾ കേൾക്കാതെ മാധ്യമങ്ങൾ തങ്ങൾക്ക് വേണ്ടത്ര പ്രചരണം തരുമെന്നുള്ളതുകൊണ്ട് പുറത്തുപോയി ചർച്ച ചെയ്യുന്നത്. ഈ നിയമസഭയിലാണ് തീരുമാനങ്ങളെടുക്കുന്നത്. അവിടെ ചർച്ചചെയ്യാൻ തയ്യാറായിട്ടില്ലെന്നതാണ്. ഡോ. കെ. ടി. ജലീലിനെതിരെ വധഭീഷണിയൊക്കെ വന്നിട്ടുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഞങ്ങളുടെ പാർട്ടിയുടെ മുഖപത്രമാണ് ജനയുഗം. തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കാത്തതിന്റെ പേരിലും ജനയുഗത്തിന്റെ പേരിലും ഒരു വ്യാജവാർത്ത ലീഗിന്റെ ജനറൽ സെക്രട്ടറി പറഞ്ഞു. തൊഴിലാളികൾക്ക് അവരുടെ ആനുകൂല്യങ്ങൾ കൃത്യമായി കൊടുക്കുകയും ശമ്പളം കൊടുക്കുകയും വേജ് ബോർഡ് നടപ്പിലാക്കുകയും ചെയ്ത പത്രമാണ് 'ജനയുഗം'. അത്തരത്തിലുള്ള വ്യാജവാർത്തകളും നുണകളും മാത്രം പറയുകയും എന്നാൽ ഈ നാടിന്റെ ഏറ്റവും വലിയ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകാതിരിക്കുകയും ചെയ്യുകയെന്നതാണ് പ്രതിപക്ഷത്തിന്റെ നിലപാട്. മറ്റൊരുകാര്യം, ഈ കള്ളപ്പണത്തിന്റെ കാര്യം പറയുമ്പോൾ മലപ്പുറത്തെ

സഹകരണ ബാങ്കിൽ എൻ.ആർ.ഐ. അക്കൗണ്ടിലാണ് കോടിക്കണക്കിന് രൂപ വന്നതെന്ന് പ്രതിപക്ഷ ഉപനേതാവിന്റെ മകനെതിരെ ആരോപണം വന്നപ്പോൾ ആദ്യം അത് എൻ.ആർ.ഐ. അക്കൗണ്ടാണെന്ന് പറഞ്ഞു. പിന്നീട് എൻ.ആർ.ഇ. അക്കൗണ്ടാണെന്ന് പറഞ്ഞു. നമ്മൾ അതിൽ തർക്കിക്കാനൊന്നും പോകുന്നില്ല. കള്ളപ്പണമാണോ നല്ലപണമാണോ എന്നൊന്നും നോക്കണ്ട. ഒരു കാര്യം മാത്രമേ പറയാനുള്ളൂ. നാഷണലൈസ്ഡ് ബാങ്കിൽനിന്നും കോ-ഓപ്പറേറ്റീവ് ബാങ്കിലേയ്ക്ക് അത് മാറ്റിയത് എന്തിനാണെന്ന് ചോദിച്ചാൽ പലിശ കൂടുതൽ കിട്ടും എന്നതിനാലാണ്. അപ്പോൾ ലീഗിന് പലിശ 'ഹറാമല്ല'. പരമാവധി പലിശയുണ്ടാക്കുക, അതാണ് ലക്ഷ്യം. അപ്പോൾ അത്തരത്തിൽ ഈ അക്കൗണ്ടുകൾ മാറ്റി പണമുണ്ടാക്കുക, ഏതു ഫണ്ടും വകമാറ്റുക, തട്ടിപ്പ് നടത്തുക ഇതാണ് ലക്ഷ്യം. എന്തിനധികം പറയണം, നമുക്കെല്ലാവർക്കുമറിയുന്നതല്ലേ കത്വാ കേസ്, ആ പാവപ്പെട്ട പെൺകുട്ടി എത്ര ഭീകരമായാണ് ബലാത്സംഗം ചെയ്ത് കൊല ചെയ്യപ്പെട്ടത്. ആ ഇരയാക്കപ്പെട്ട കുട്ടിയുടെ കണ്ണുനീർ വിറ്റുകൊണ്ട് കോടിക്കണക്കിന് രൂപ പിരിച്ചിട്ട് ആ പണം ആ കുട്ടിക്ക് മുഴുവനും കൊടുക്കാതെ അത് വകതിരിച്ച്

മറ്റുകാര്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചു എന്നതിന്റെ പേരിൽ ഇപ്പോൾ ഇ.ഡി. എല്ലാ തെളിവും കയ്യിലുള്ള ആളെ അന്വേഷിക്കുകയാണ്, രണ്ടാമത്തെ പ്രതിയാണ്. ഡോ. കെ. ടി. ജലീലിനെതിരെ അഞ്ചുവർഷം തെളിവുകളുമായി നടന്നു. അവസാനം ഇ.ഡി. തെളിവ് ചോദിച്ചുകൊണ്ടുവരികയാണ്. ഇതല്ലേ സാഹചര്യം? അങ്ങനെയുള്ള കാര്യങ്ങളോരോന്നും ഞാൻ എടുത്തുപറയുന്നില്ല. ഇത് മാത്രമാണോ; ഡോ. കെ. ടി. ജലീലിനെതിരെയുള്ള സമരം. എന്താണ് സമരം; ഈ നാട്ടിലെ കോവിഡ് പ്രതിരോധത്തെ ഇല്ലായ്മ ചെയ്യാനുള്ള പ്രവർത്തനമായിരുന്നു ആദ്യം വാളയാറിൽ നടത്തിയത്. വളരെ കൃത്യമായി സർവ്വൈലൻസ് ചെയ്ത് ട്രാക്കിംഗും ട്രേസിംഗും ടെസ്റ്റിംഗുമൊക്കെ നടത്തി ക്വാറന്റൈൻ ചെയ്യുന്ന സംവിധാനങ്ങൾ, അതിർത്തിയിൽനിന്നും വരുന്നവർക്ക് കൃത്യമായി ഇ-പാസ് നൽകിക്കൊണ്ട് വളരെ സിസ്റ്റമാറ്റിക്കായി പോകുമ്പോൾ അത് തകർക്കാൻ ആദ്യം വാളയാറിൽ ശ്രമിച്ചു. എം.പി.-യും എം.എൽ.എ.-യും അടക്കമുള്ള ആളുകൾ ചെന്നുകൊണ്ടാണ് വാളയാറിലെ സിസ്റ്റം തകർക്കാൻ ശ്രമിച്ചത്. കണ്ണൂർ റെയിൽവേസ്റ്റേഷൻ കൃത്യമായ സർക്കാർ സംവിധാനത്തിലൂടെ ആളുകളെ ട്രേസ് ചെയ്തുവരുന്നത് തകർക്കാനും ഈ സിസ്റ്റത്തെ പൊളിക്കാനും വേണ്ടി

ഇടയ്ക്ക് ട്രെയിൻ തടഞ്ഞ് ആളുകളെ ഇറക്കി വിടുന്ന സാഹചര്യമുണ്ടായി. ഇങ്ങനെ ഓരോരോ മേഖലയിലും. അവസാനമെന്താണ് ആ 500-ൽ ഞങ്ങളില്ല, എന്നുപറഞ്ഞു. 'കാപട്യമേ നിന്റെ പേരാണ് യു.ഡി.എഫ്'. എന്തായിരുന്നു പ്രചരണം? ഈ ഗവൺമെന്റ് സത്യപ്രതിജ്ഞ ചെയ്യുന്ന സമയത്ത് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഏറ്റവും വലിയ മാതൃകയായിട്ടുള്ള രീതിയിലാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചത്. എന്നാൽ ആ 500-ൽ ഞങ്ങളില്ല എന്നുപറഞ്ഞ് വലിയ മുദ്രാവാക്യം വിളിക്കുമ്പോൾ ചിലപ്പോൾ നാട്ടുകാർ തെറ്റിദ്ധരിച്ചു. ഈ സർക്കാരിനെതിരെ പത്രങ്ങൾ ഉറഞ്ഞുതുള്ളി. അതുകഴിഞ്ഞ് പുതിയ കെ.പി.സി.സി. പ്രസിഡന്റിന്റെ സ്ഥാനാരോഹണത്തിന് 500 അല്ല, സാമൂഹിക അകലം പാലിക്കാതെ 5000-ലധികം ആളുകൾ പങ്കെടുത്തപ്പോൾ ഈ ആത്മാർത്ഥത കോവിഡ് പ്രതിരോധത്തിൽ പ്രതിപക്ഷത്തിനില്ലായെന്ന് തെളിഞ്ഞില്ലേ; അതാണ് പ്രതിപക്ഷത്തിന്റെ രാഷ്ട്രീയം. ഒരു മാലയിൽ മണിമുത്തുകൾ കോർത്തതുപോല എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ട്, ആരോഗ്യമന്ത്രി, റവന്യൂമന്ത്രി, ധനകാര്യമന്ത്രിയടക്കം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മെച്ചപ്പെട്ട രീതിയിലുള്ള കോവിഡ്

പ്രതിരോധമല്ലേ ഈ കേരളത്തിൽ നടത്തിയത്? ഇതുപോലെ ഇൻഡ്യയിൽ ഏതു സംസ്ഥാനത്താണുള്ളത്. Seroprevalence Survey-യെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. Unreported ആയ മരണനിരക്കുകൾ ഒന്നേമുക്കാൽ ലക്ഷവും രണ്ടുലക്ഷവും ഇതരസംസ്ഥാനങ്ങളിലുണ്ടാകുമ്പോൾ കേരളത്തിൽ മരണനിരക്ക് ഇന്നും കുറഞ്ഞു നിൽക്കുകയാണ്. കോവിഡിതര മരണങ്ങൾ വളരെയേറെ കുറഞ്ഞു എന്നുള്ളതാണ് യാഥാർത്ഥ്യം. ഇപ്പോഴും കോവിഡ് മരണം കേരളത്തിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കാഴ്ചപ്പാടില്ലാത്ത കാപഠ്യമുള്ള പ്രതിപക്ഷത്തിന്റെ കാര്യം തുറന്നുകാട്ടാൻ ഒരുകാര്യം മാത്രം മനസ്സിലാക്കിയാൽ മതി. ഈ അടുത്ത കാലത്ത് ഒരു പരസ്യം കണ്ടു. HDFC-യുടെ പരസ്യമാണ്. 'ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ട്' എന്നാണ് പരസ്യം. '2020-ൽ കോവിഡ് കാലത്ത് പാസൗട്ടായ ആളുകളെ വേണ്ട, അവർ അപേക്ഷിക്കേണ്ടതില്ല' എന്ന് ബ്രായ്ക്കറ്റിൽ എഴുതിയിരിക്കുകയാണ്, ഞാൻ അത്ഭുതപ്പെട്ടുപോയി. ഇനി വരാനിരിക്കുന്ന പ്രതിസന്ധിയാണിത്. നമ്മുടെ യൂത്ത് അനുഭവിക്കാൻപോകുന്ന ഏറ്റവും വലിയ പ്രതിസന്ധി. എന്നാൽ സി.ബി.എസ്.ഇ. അടക്കമുള്ളവർ പരീക്ഷ നടത്തി കുട്ടികൾക്ക് പാസ്സാകാനുള്ള സാഹചര്യമൊരുക്കിയില്ല. ഇൻഡ്യയിലെ മറ്റ്

സംസ്ഥാനങ്ങളും ഒരുക്കിയില്ല. ഈ ഗവൺമെന്റിന്റെ കരുതൽ നമ്മൾ മനസ്സിലാക്കണം. ഭാവിയിൽ വരാനിരിക്കുന്ന പ്രതിസന്ധി മുന്നിൽ കണ്ടുകൊണ്ട് കുട്ടികൾക്ക് പരീക്ഷയെഴുതാനുള്ള സൗകര്യമൊരുക്കി. അങ്ങനെ സൗകര്യമൊരുക്കിയ ഈ ഗവൺമെന്റിനെയും മുഖ്യമന്ത്രിയെയും കുറിച്ച് ഇന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞതെന്താണ്; 'വട്ടല്ലേ മുഖ്യമന്ത്രിക്ക്' എന്നാണ്. ആർക്കാണ് വട്ട്? ഇപ്പോൾ തിരിഞ്ഞു നോക്കുമ്പോൾ, ഈ രാജ്യത്ത് പരീക്ഷയെഴുതി പാസ്സായ കുട്ടികൾ കേരളത്തിലുള്ള കുട്ടികളാണെന്ന് അഭിമാനത്തോടെ നമുക്ക് പറയാൻ കഴിയും. പരീക്ഷയെഴുതാതെ മാർക്ക് കിട്ടിയ കുട്ടികളെ രണ്ടാം നമ്പരായി കാണണമെന്നു ഞങ്ങൾ പറയുന്നില്ല. പക്ഷേ അങ്ങനെ കാണുന്നൊരു സാഹചര്യം ഭാവിയിൽ വരുമ്പോൾ അഭിമാനത്തോടുകൂടി നമ്മുടെ കുട്ടികൾക്ക് പറയാൻ കഴിയും, സഖാവ് പിണറായി വിജയൻ നയിക്കുന്ന ഗവൺമെന്റുള്ള കാലത്ത് പരീക്ഷയെഴുതി പാസ്സായ കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ നിന്നും വന്നവരാണ് തങ്ങളെന്ന്. അത് അഭിമാനത്തോടുകൂടി ചരിത്രം വിലയിരുത്തും. ആ സാഹചര്യമൊരുക്കിക്കൊടുത്തില്ലേ; ഇങ്ങനെ മാതൃകയായിട്ടുള്ളൊരു ഗവൺമെന്റ് ഇൻഡ്യയിൽ എവിടെയാണുള്ളത്, ഇത്

നമുക്ക് അംഗീകരിക്കാതിരിക്കാൻ സാധിക്കുമോ? കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, സാമ്പത്തികമായി ഏറ്റവും വലിയ തകർച്ച നേരിടുമ്പോൾ അതിൽനിന്നും മുന്നോട്ടുകുതിക്കാനുള്ള പ്രവർത്തനങ്ങൾ, അങ്ങനെ നിരവധി പ്രവർത്തനങ്ങൾകൊണ്ട് ഏറ്റവും മെച്ചപ്പെട്ട രീതിയിലുള്ള ധനകാര്യ മാനേജ്മെന്റാണ് നമ്മുടെ ഗവൺമെന്റ് നടത്തുന്നത്. അതിന് ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. കള്ളപ്പണക്കാരും അതുപോലെ തട്ടിപ്പുകാരും വെട്ടിപ്പുകാരും ഒക്കെ അപ്പുറത്താണുള്ളത്. സ്കൂളുകളിലുണ്ടായിരിക്കുന്ന മാറ്റം ഇപ്പോൾ നമുക്കറിയാം. മലബാർ മേഖലയിൽ കുട്ടികൾക്ക് സീറ്റ് വർദ്ധിപ്പിക്കണമെന്നാണ് പറയുന്നത്. യു.ഡി.എഫ്.-ന്റെ കാലം, എത്രകാലമാണ് ലീഗ് ഭരിച്ചത്; സീറ്റ് വർദ്ധിപ്പിക്കാതിരുന്നത് എന്തുകൊണ്ടാണ്? ഞാനാലോചിച്ചു നോക്കി. സീറ്റ് വർദ്ധിപ്പിക്കുകയല്ല, അന്ന് സ്കൂളുകളിൽ അധിക ബാച്ചാണെങ്കിലും കൂടുതൽ സ്കൂളുകളിൽ പ്ലസ് ടു ആണെങ്കിലും സീറ്റ് അനുവദിക്കുന്നത് കുട്ടികളുടെ എണ്ണം നോക്കിയോ സാഹചര്യം നോക്കിയോ അല്ല, കോഴ കൊടുക്കുന്നത് നോക്കിയാണ്. ഇവിടെയുള്ള എം.എൽ.എ. അടക്കമുള്ളവർ, മുൻ എം.എൽ.എ. അടക്കമുള്ളവർ അതിൽ ആരോപണവിധേയരല്ലേ; കേസ്സ്

നടന്നുകൊണ്ടിരിക്കുകയല്ലേ? അങ്ങനെ കോഴ കൊടുക്കുന്നവർക്ക് പണത്തിനും ബിരിയാണിക്കും വേണ്ടി പാർലമെന്റിൽ യോഗത്തിനുപോകാതെ ഇൻഡ്യയിൽ ഏറ്റവും പ്രധാനപ്പെട്ട വിഭജനത്തിന്റെ രാഷ്ട്രീയം നടപ്പിലാക്കിയ....... ഏറ്റവും പ്രധാനപ്പെട്ട അവസരത്തിൽ അവിടെ പോകാതെ ബിരിയാണിക്ക് വന്നതാണ്. ബിരിയാണിയാണ് വലുത്, ഫണ്ടാണ് വലുത്, അല്ലാതെ നാട്ടിലെ പ്രശ്നമല്ല. ഈ രാഷ്ട്രീയം നമ്മൾ തിരിച്ചറിയണം. ജനങ്ങളെ ഏറ്റവും കൂടുതൽ പരിഗണിക്കുന്ന ഈ ഗവൺമെന്റ് ഇപ്രാവശ്യം സീറ്റ് വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുവെന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ആ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്നും പട്ടാമ്പിയിലും പ്ലസ് ടു-വിന് കൂടുതൽ സീറ്റ് അനുവദിക്കണമെന്നുംകൂടി അഭ്യർത്ഥിക്കുകയാണ്. ഈ ധനവിനിയോഗബില്ലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഈ ഗവൺമെന്റിന്റെ മികച്ച പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും അറിയിച്ചുകൊള്ളുന്നു. ചരിത്രത്തിന്റെ ചവറ്റുകുട്ടയിലേയ്ക്ക് പ്രതിപക്ഷം പോകുമെന്ന് ഉറപ്പാണ് എന്നുമാത്രം പറഞ്ഞുകൊണ്ട് എല്ലാവിധ അഭിവാദ്യങ്ങളും അറിയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പ്രമോദ് നാരായൺ: സർ, ഈ ബില്ലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. മുന്നിൽ വന്ന ഒരാളിനോട് നാടുവാഴുന്ന അധികാരി ചോദിച്ചു, നിങ്ങളുടെ പേരെന്താണ്? അയാളുടെ ഉത്തരം 'നാരായണൻ' എന്നായിരുന്നു. ചോദ്യം ആവർത്തിക്കപ്പെട്ടു 'ജാതിയിൽ ആരാണ്? അയാൾ ഉത്തരമായി പറഞ്ഞു 'കണ്ടാൽ അറിഞ്ഞുകൂടേ'? 'അറിഞ്ഞുകൂടാ'യെന്ന് അധികാരി പറഞ്ഞു. 'കണ്ടാൽ അറിഞ്ഞുകൂടെങ്കിൽ പിന്നെ കേട്ടാൽ അറിയുന്നത് എങ്ങനെ'യെന്ന് അയാൾ ഉത്തരം പറഞ്ഞു. 'കണ്ടാലും കേട്ടലും ഒക്കെ അറിയേണ്ടത് എല്ലാവരിലും ഉപ്പുപോലെ കടലിന്റെ ഉപ്പുപോലെ നിറയുന്ന മനുഷ്യനെയാണ് എന്ന് പറഞ്ഞ് ചോദ്യം ചോദിച്ച ആളിന്റെയും പിന്നീട് കേരളത്തിന്റെയും എല്ലാം കണ്ണുതുറപ്പിച്ച ആ മഹാവിപ്ലവകാരിയുടെ പേര് 'ശ്രീനാരായണ ഗുരുദേവൻ' എന്നായിരുന്നു. ശ്രീനാരായണ ഗുരുദേവൻ ജാതീയമായ അസമത്വങ്ങൾക്കെതിരെ, അത്തരം ആളുകൾ ചിന്തിച്ച ആ ഒരു ചിന്തയെ എങ്ങനെയാണ് ഇന്നുകാണുന്ന കേരളത്തിന്റെ സാമൂഹ്യ അവസ്ഥയായി പരിവർത്തനം ചെയ്തതെന്ന് ചോദിച്ചാൽ 'മുന്തിരിയിൽനിന്ന് വീഞ്ഞ് ഉണ്ടാകുന്നതുപോലെ, കൽക്കരിയിൽനിന്ന് തീയുണ്ടാകുന്നതുപോലെ, വെള്ളത്തിൽനിന്ന് വെളിച്ചം ഉണ്ടാകുന്നതുപോലെ' ആ ചിന്തയിൽനിന്ന്

ആധുനിക കേരളത്തെ രൂപപ്പെടുത്തിയത് ഇടതുപക്ഷമാണെന്ന് പറയുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്കരണം മുതലുള്ള എല്ലാ പരിഷ്കരണങ്ങളും വിപ്ലവാത്മകവും പുരോഗമനാത്മകവുമായ എല്ലാ നടപടികളും അതിലേറെ ഓർത്തുവയ്ക്കേണ്ട ഒന്നാണ് 1981-ൽ ഇന്ത്യയിലാദ്യമായി നടപ്പിലാക്കിയ കർഷകത്തൊഴിലാളി പെൻഷൻ. ഇന്ത്യയിലാദ്യമായി നമ്മുടെ പാടത്ത് പണിയെടുക്കുന്ന സാധാരണ മനുഷ്യർക്കുവേണ്ടി കർഷകത്തൊഴിലാളി പെൻഷൻ നടപ്പിലാക്കുമ്പോൾ അന്ന് കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നത് സഖാവ് ഇ. കെ. നായനാരും അന്നത്തെ ധനകാര്യമന്ത്രി കെ. എം. മാണിയും ആയിരുന്നു. ആ ഇടതുപക്ഷത്തിന്റെ പ്രവർത്തനധാരയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ കേരളാ കോൺഗ്രസ് അഭിമാനിക്കുകതന്നെയാണ്. ജാതീയമായ അസമത്വങ്ങളിൽനിന്ന്, ആ ജാതീയമായ അസമത്വങ്ങൾ പരിഹരിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം സാമ്പത്തിക അസമത്വം ഇല്ലാതാക്കുകയാണെന്ന വീക്ഷണം ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞു എന്നതാണ് കേരള വികസന മാതൃകയുടെ ഏറ്റവും വലിയ പ്രത്യേകത. നമുക്ക് ഇന്ത്യയിലേയ്ക്ക് പോകാം. നാം ഒരു സ്വാതന്ത്ര്യദിനം കൂടി

ആഘോഷിക്കുമ്പോൾ ഇന്ത്യയെ കണ്ടെത്താനായി ഇന്ത്യ മുഴുവൻ യാത്ര നടത്തുകയും 'ഇന്ത്യയെ കണ്ടെത്തൽ' എന്ന പുസ്തകം എഴുതുകയും ചെയ്ത ആളുകളോടൊരു ചോദ്യമുണ്ട്. നിങ്ങൾക്ക് ഇന്ത്യയിലെവിടെയെങ്കിലും നാം സ്വപ്നംകണ്ട ഒരു ഇന്ത്യയെ കണ്ടെത്താനാകുമോ? എല്ലാ മനുഷ്യരും ഒരുപോലെ ജീവിക്കുന്ന, എല്ലാവർക്കും നീതി ലഭിക്കുന്ന, എല്ലാവരിലേയ്ക്കും വിഭവങ്ങൾ ചെന്നെത്തുന്ന, എല്ലാവരുടേയും ജീവിത നിലവാരത്തിൽ അർത്ഥവത്തായ മാറ്റമുണ്ടാക്കാൻ കഴിയുന്ന ഒരു ഇന്ത്യയെ കണ്ടെത്താൻ ഇന്ത്യയിൽ പലയിടത്തും കഴിയുന്നില്ല, എന്നാൽ ഈ കേരളത്തിൽ ഒരു ഇന്ത്യ പുലരുന്നുണ്ട്. അത്തരമൊരു ഇന്ത്യയെ കേരളത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നതാണ് ഇടതുപക്ഷത്തിന്റെ നേട്ടം. കേരളത്തിൽ ഇന്ന് അധികാരത്തിൽ ഇരിക്കുന്നതും കഴിഞ്ഞ അഞ്ച് വർഷം അധികാരത്തിൽ ഇരുന്നതുമായ ഗവൺമെന്റ് അത്തരമൊരു കാഴ്ചപ്പാടാണ് സ്വീകരിച്ചത്. അത്തരമൊരു വികസന പരിപ്രേക്ഷ്യമാണ് മുന്നോട്ടുവച്ചത്. അതിനെതിരായിട്ടാണ് പ്രതിപക്ഷം എന്നുപറയുമ്പോൾ, യു.ഡി.എഫ്. എന്ന് പറയാൻ കഴിയില്ല; 40 വർഷം ഒപ്പംനിന്ന കേരള കോൺഗ്രസ്സുകൂടി ഇല്ലാതായതോടുകൂടി ആ യു.ഡി.എഫ്.-ന് അവശിഷ്ട യു.ഡി.എഫ്. എന്ന്

വിശേഷിപ്പിക്കാൻ ഞങ്ങളാഗ്രഹിക്കുകയാണ്. ആ അവശിഷ്ട യു.ഡി.എഫ്.-ൽ ശിഷ്ടമായുള്ള ആളുകളുടെ നിരാശയാണ് ഇത്തരം ബഹിഷ്കരണങ്ങളിലൂടെ പ്രതിഫലിക്കപ്പെടുന്നത്. ഇന്ന് നമ്മുടെ കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയെ അധിക്ഷേപിക്കുന്നത് കണ്ടു. മുഖ്യമന്ത്രിയെ അധിക്ഷേപിക്കുമ്പോൾ മറുവശത്തൊരു ചോദ്യമുയരുന്നുണ്ട്. ആ അധിക്ഷേപങ്ങൾ ആരെയാണ് രാഷ്ട്രീയമായി സഹായിക്കുന്നത്? ഇന്ത്യയിലാകെ ആളിപ്പടരുന്ന വർഗ്ഗീയത, എത്രയോ ആളുകളുടെ നെഞ്ചുരഞ്ഞ, എത്രയോ ആളുകളുടെ ചോരചൊരിഞ്ഞ, നാം കാത്തുസൂക്ഷിച്ച മതേതരത്വത്തെ തകർക്കാൻ ഇന്ത്യയിലാകെ ആളിപ്പടർന്ന വർഗ്ഗീയതയെ ഈ കൊച്ചുകേരളത്തിന്റെ അതിർത്തിക്ക് ഇപ്പുറത്തേയ്ക്ക് കടക്കാൻ കഴിയാത്തതരത്തിൽ ഉറച്ച ശബ്ദത്തോടെ, വലിയ കരുത്തോടുകൂടി കേരളത്തിന്റെ മതേതരത്വത്തെ കാത്തുസൂക്ഷിച്ച നേതാവാണ് സഖാവ് പിണറായി വിജയൻ. ആ പിണറായി വിജയനെ അധിക്ഷേപിക്കുന്നതിലൂടെ വർഗ്ഗീയശക്തികളെ സഹായിക്കുകയെന്ന അജണ്ടയാണ് ഈ ബഹിഷ്കരണത്തിൽ ഉൾപ്പെടെ പ്രതിഫലിക്കപ്പെടുന്നതെന്നാണ് ഞങ്ങൾ പറയാനാഗ്രഹിക്കുന്നത്. സമയച്ചുരുക്കംകൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്ക്

പോകുന്നില്ല. നമ്മുടെ കേരളം ഫിസ്കൽ ഫെഡറലിസത്തെ സംരക്ഷിക്കാൻ നടത്തുന്ന പോരാട്ടങ്ങൾ യഥാർത്ഥത്തിൽ ഇന്ത്യയ്ക്കാകെ മാതൃകയാണ്. ഫെഡറലിസത്തിന്റെ അടിസ്ഥാനമായ ധാരണയാണ് ഫിസ്ക്ൽ ഫെഡറലിസം. ഞാൻ മുമ്പ് ഈ സഭയിൽ പറഞ്ഞു, സംസ്ഥാനങ്ങളെ കീഴടക്കാൻ ആയുധങ്ങളെയല്ല നിയമ നിർമ്മാണങ്ങളെയും ഖജനാവിനേയും എങ്ങനെ ഉപയോഗിക്കാമെന്ന് മോദി ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കൺകറണ്ട് ലിസ്റ്റിൽപ്പെടുന്ന വിദ്യാഭ്യാസ രംഗത്ത് ദേശീയ വിദ്യാഭ്യാസനയം കൊണ്ടുവരുന്നു. കാർഷിക മേഖലയിൽ ബില്ലുകൾ കൊണ്ടുവരുന്നു. വൈദ്യുതി ഉല്പാദനരംഗത്ത് സ്വകാര്യ വൽക്കരണം കൊണ്ടുവരുന്നു. സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ എല്ലാ അവകാശങ്ങളെയും നിയമസഭകളുടെ നിയമനിർമ്മാണ അവകാശങ്ങളെയും ഒരു വഴിയിലൂടെ കവർന്നെടുക്കുന്നു. മറ്റൊരു വഴിയിലൂടെ തെറ്റായതരത്തിൽ നടപ്പിലാക്കിയിട്ടുള്ള ജി.എസ്.ടി. പരിഷ്കാരങ്ങളിലൂടെ സംസ്ഥാനങ്ങൾക്ക് പണം നൽകേണ്ടത് തങ്ങളുടെ ഔദാര്യമാണെന്ന തരത്തിലുള്ള സമീപനത്തിലൂടെ ഫിസ്ക്ൽ ഫെഡറലിസത്തിന്റെ അടിവേരറുക്കാൻ ശ്രമിക്കുമ്പോൾ അതിനെതിരെ ഉയരുന്ന ശബ്ദം കേരളത്തിന്റേതാണെന്ന

കാര്യത്തിൽ നമുക്ക് അഭിമാനിക്കാം. ആ പോരാട്ടം തുടരാൻ കഴിയുക തന്നെവേണം. കോവിഡിന്റെ കാലത്ത് കേരളത്തെ മുമ്പോട്ട് നയിക്കാൻ കഴിയുന്ന വളരെ വിപുലമായ പദ്ധതികളാണ് അവതരിക്കപ്പെട്ടത്. അതിൽ പ്രധാനമായും രണ്ട് നിർദ്ദേശങ്ങൾ കൂടി വയ്ക്കുകയാണ്. ഒന്ന്, കേരളത്തിലേയ്ക്ക് തിരികെവന്നിട്ടുള്ള പ്രവാസികളുടെ ക്ഷേമത്തിനായി നാം പദ്ധതികൾ ആവിഷ്കരിക്കുന്നു. പ്രവാസികളുടെ വിഭവശേഷിയെ, ലോകത്തെല്ലായിടത്തും പോയി ജോലിചെയ്ത് ലോകത്തിന്റെ എല്ലാഭാഗത്തും വിസ്മയങ്ങൾ തീർത്ത അവരുടെ വൈഭവത്തെ, നാടിന്റെ പുരോഗതിക്കായി ഉപയോഗിക്കാൻ കഴിയുന്ന ആശയങ്ങൾ എല്ലാ ജില്ലകളിലും ഉണ്ടാകണം. 'വർക്ക് ഫ്രം ഹോം' എന്നത് ശീലമാകുമ്പോൾ അതിന് കഴിയുന്ന പ്രവാസികൾക്കും മറ്റ് വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾക്കുമായിട്ടുള്ള പ്രത്യേക പ്ലാറ്റ്ഫോമുകൾ എല്ലാ ജില്ലയിലും സൃഷ്ടിക്കാൻ നമുക്ക് കഴിയണം. കോവിഡിന്റെ കാലത്ത് വരുമാനം നഷ്ടപ്പെട്ടാതിരുന്ന ആളുകളുണ്ട്. ആ വരുമാനം നഷ്ടപ്പെടാതിരുന്ന ആളുകൾ അവരുടെ കയ്യിലുള്ള പണം നാടിനുവേണ്ടി ചെലവഴിക്കണം. അങ്ങനെ ചെലവഴിക്കപ്പെടുന്നത് ബ്രാന്റഡ് ഉല്പന്നങ്ങൾക്കുവേണ്ടി മാത്രമാകാൻ പാടില്ല. വലിയ തരത്തിലുള്ള കുത്തക കമ്പനികളുടെ

ഓൺലൈൻ പ്ലാറ്റ്ഫോമുകൾ മാത്രമാകാൻ പാടില്ല. നമ്മുടെ നാട്ടിലെ സാധാരണ ആളുകൾക്കുവേണ്ടി അടച്ചുപൂട്ടപ്പെടുന്ന സൂഷ്മ സംരംഭങ്ങൾ, അത്തരത്തിലുള്ള ആളുകളുടെ ഉല്പന്നങ്ങൾകൂടി വാങ്ങാൻ കഴിയുന്നതരത്തിലുള്ള വലിയൊരു കാമ്പയിൻ ആവിഷ്കരിക്കാൻ കഴിയണം. കേരളത്തിലാകെ വിജയിക്കപ്പെടുന്ന ക്രൗഡ് ഫണ്ടിംഗ്, നാടിന്റെ വികസനത്തിനുവേണ്ടി രോഗികളെയും പ്രയാസമനുഭവിക്കുന്ന ആളുകളെയും സഹായിക്കാൻ കഴിയുന്ന ക്രൗഡ് ഫണ്ടിംഗ് എന്ന ആശയത്തെ നാടിന്റെ പുരോഗതിക്കുവേണ്ടി എങ്ങനെ ഉപയോഗിക്കാം എന്നുകൂടി സംസ്ഥാന സർക്കാർ ആലോചിക്കണം എന്നു പറഞ്ഞുകൊണ്ട് ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. അധികാരത്തുടർച്ച അസാധാരണമായ ജനവിധിയാണെന്നാണ് ബഹുമാനപ്പെട്ട ഗവർണർ അദ്ദേഹത്തിന്റെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ ഇവിടെ അവതരിപ്പിച്ചത്. എങ്ങനെയാണ് ഈ അസാധാരണ വിധിയുണ്ടായത്; കൃത്യമായ ധനവിനിയോഗവും

അതിന്റെ നടത്തിപ്പും വകുപ്പുകളുടെ ഏകോപനവും നിരവധി പ്രതിസന്ധികളുണ്ടായിട്ടും ജനത്തെ നെഞ്ചോടുചേർത്ത് അതിനെയൊക്കെത്തന്നെ തരണം ചെയ്ത് മുമ്പോട്ടുപോയ സർക്കാർ, നിപ, ഓഖി, രണ്ട് പ്രളയങ്ങൾ, കോവിഡ് തുടങ്ങിയ ദുരിതങ്ങൾ കടന്നാക്രമിച്ചപ്പോഴും ജനങ്ങൾക്ക് ആശ്വാസവും അതിജീവനത്തിനുള്ള പുത്തൻ ആവേശവും പകർന്നു നൽകി നെഞ്ചോടുചേർത്തുപിടിച്ച നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതോടൊപ്പം നിന്ന എൽ.ഡി.എഫ്. സർക്കാരും ജനക്ഷേമ പ്രവർത്തനങ്ങൾക്ക് അനുകൂലമായ വിധിയെഴുത്തുണ്ടാക്കിത്തന്നു. 2021-ലെ എൽ.ഡി.എഫ്. ഭരണം വീണ്ടും ഉറപ്പാണെന്ന് നമ്മൾ പറഞ്ഞു, അത് വീണ്ടും ഉറപ്പായി വന്നിരിക്കുകയാണ്. കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാൻ സാധിക്കണം. ഒരുപാട് വികസനങ്ങൾ നമ്മുടെ ഓരോ മണ്ഡലങ്ങളിലും കഴിഞ്ഞകാലങ്ങളിൽ നൽകിയിട്ടുണ്ട്. വകുപ്പുകളുടെ ഏകോപനം കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകണം. പദ്ധതികൾ സമയബന്ധിതമായി ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും വകുപ്പുകളുടെ ഏകോപനം ശക്തിപ്പെടുത്തണം. പാനൂരിലെ ഗവൺമെന്റ് ആശുപത്രിക്ക് ഭൂമി വാങ്ങാനും കെട്ടിടം

നിർമ്മിക്കാനും വേണ്ടി അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി, എന്റെ നിയോജക മണ്ഡലത്തിലെ എം.എൽ.എ. കൂടിയായിരുന്ന ബഹുമാനപ്പെട്ട ശൈലജ ടീച്ചർ 89 കോടി രൂപ അനുവദിച്ചിരുന്നു. ഇന്നും സ്ഥലമെടുപ്പ് അടക്കം തുടങ്ങാൻ സാധിച്ചില്ല. അതിന്റെ പ്രധാനപ്പെട്ട കാരണങ്ങൾ വ്യക്തമാക്കുന്നില്ല. ഫയലുകളും അതുമായി ബന്ധപ്പെടുന്ന കാര്യങ്ങളുമൊക്കെത്തന്നെ മെല്ലെപ്പോക്കിലാണ്. അതിനൊരു അന്ത്യം ഉണ്ടാക്കാൻ സാധിക്കണം. അതിന് റവന്യൂ, കിഫ്ബി, പി.ഡബ്ല്യു.ഡി. തുടങ്ങിയവയുടെ ഏകോപനം വേണം. അതോടൊപ്പംതന്നെ ഐ.എച്ച്.ആർ.ഡി. കോളേജ്, ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു ഈ അടുത്തദിവസം ഒരു യോഗം വിളിച്ച് അതിന്റെ കോ-ഓർഡിനേഷനും കാര്യങ്ങളും ചർച്ച ചെയ്തപ്പോൾ കൂടുതൽ ശക്തിപ്പെടുത്താമെന്ന് പറഞ്ഞിരുന്നു. എന്നാലും കാര്യങ്ങൾ പുരോഗതിയിലാക്കിക്കൊണ്ട് മുന്നോട്ടുപോകാൻ നമുക്ക് സാധിക്കണം. ഇങ്ങനെയുള്ള ചെറിയ കാര്യങ്ങൾ, അതുപോലെതന്നെ മണ്ഡലത്തിന്റെ വികസന കാര്യങ്ങളിൽ കൂടുതൽ ഇടപെട്ടുകൊണ്ട് മുന്നോട്ടുപോയാൽ മാത്രമേ ഇത്തരത്തിലുള്ള പദ്ധതികളൊക്കെത്തന്നെ പൂർത്തീകരിക്കാൻ

സാധിക്കുകയുള്ളൂ. മുപ്പത് ലക്ഷത്തിലധികം വരുന്ന പ്രവാസികളുടെ വരുമാനമാണ് കേരളത്തെ താങ്ങി നിർത്തിയത്. നമ്മുടെ ആഭ്യന്തര വരുമാനം തന്നെ പ്രവാസികളെ ആശ്രയിച്ചായിരുന്നു. ഇന്ന് സംസ്ഥാനത്തെ പതിനഞ്ച് ലക്ഷത്തോളം പ്രവാസികൾ തിരിച്ചുപോകാൻ കഴിയാതെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഇവർക്ക് സാമ്പത്തിക സഹായത്തേക്കാൾ തൊഴിൽ സംരംഭങ്ങൾക്കാവശ്യമായ സഹായം നൽകാൻ ഉദാരമായ സമീപനം സ്വീകരിക്കാൻ സാധിക്കണം. സംസ്ഥാന സർക്കാർ അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ ചെലവഴിച്ച തുക ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് നിർമ്മാണ മേഖലയെ സാരമായി ബാധിക്കുന്നുണ്ട്. ഇതിന് കാരണം സർക്കാരല്ല, ഫയൽ നടപടികളിൽ കാണിക്കുന്ന മെല്ലപ്പോക്ക് നയമാണ്. ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. കേരളം മനുഷ്യവിഭവങ്ങളുടെ സമന്വയമാണ്, കലവറയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നൂതന സാങ്കേതിക വിദ്യകളും സാമ്പത്തിക സ്രോതസ്സുകളും കൈവരിച്ച വിദഗ്ദ്ധരുടെ സമ്പത്ത് നമുക്കുണ്ട്. ഇവരെ നാടിന്റെ സമ്പദ് വ്യവസ്ഥയെ വളർത്തുന്നതിനുവേണ്ടി പ്രയോജനപ്പെടുത്താൻ സാധിക്കണം. ഉദാഹരണമായി കാർഷിക

മേഖലയിൽ ഓരോ സീസണിലുമുണ്ടാകുന്ന ഒരുപാട് ഉല്പന്നങ്ങളുണ്ട്. പഴം, പച്ചക്കറി, നാളികേരം തുടങ്ങിയ ഉല്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാൻ സൗകര്യങ്ങളും സാമ്പത്തിക സഹായവും ഉദാര സമീപനവും വേണം.

ആഭ്യന്തര ടൂറിസ്റ്റ് മേഖലയെ കൊറോണ സാരമായി ബാധിച്ചിട്ടുണ്ട്. ഇത് പുന:സംഘടിപ്പിക്കാനും കൂടുതൽ ആകർഷകമാക്കാനുമുള്ള സംവിധാനങ്ങൾക്ക് ധനകാര്യ വകുപ്പ് പ്രത്യേക ശ്രദ്ധ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രളയവും ദുരന്തവും രോഗവും കാരണം ആകെ തകർന്നുപോയ പല രാജ്യങ്ങളും ഒരു ഫിനിക്സ് പക്ഷിയെപ്പോലെ ഉയരുന്ന കാഴ്ച ലോകത്ത് പല സ്ഥലത്തും ഉണ്ടായിട്ടുണ്ട്. നമ്മുടെ കേരളവും ഇത് മാതൃകയാക്കാനുള്ള സമീപനവും കാഴ്ചപ്പാടും സ്വീകരിക്കണം. ഇതെല്ലാം നമ്മുടെ സംസ്ഥാനത്തിന് ആവശ്യമാണ്. എല്ലാ വിഭാഗം ജനങ്ങളുടേയും കൂട്ടായ്മ ഇതിനുണ്ടാകണം. പക്ഷെ പ്രതിപക്ഷം എന്തുകൊണ്ടാണ് ഇത്തരത്തിലൊരു നീക്കം ഉണ്ടാക്കുന്നതെന്ന് അറിയില്ല. ശക്തമായ ചുവടുവയ്പ്പുമായി മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളും പ്രസംഗങ്ങളും കാണാനും കേൾക്കാനും സാധിക്കാത്തതുകൊണ്ടാണ് സഭ

വിട്ടെറിഞ്ഞ് അവർ മുന്നോട്ടുപോയത്. ഇടതുപക്ഷ സർക്കാർ ജനങ്ങളോടൊപ്പമാണ്. ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ്, അതൊക്കെ നടത്തിക്കൊടുക്കാൻ സാധിക്കണമെന്ന അഭ്യർത്ഥനയാണുള്ളത്. ബില്ലിന് എന്റെ എല്ലാവിധ പിന്തുണയും അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇനിയും ഒരു ബില്ലുകൂടി പരിഗണിക്കാനുള്ളതിനാൽ ഞാൻ വളരെ ചുരുക്കി സംസാരിക്കാം. ഈ സെഷനിൽത്തന്നെ വളരെ ദീർഘമായി ഓരോ വകുപ്പിന്റെയും വിശദമായ ചർച്ച നടത്തിക്കഴിഞ്ഞതാണ്. അത് ഒരുമിച്ച് ധനകാര്യ ബില്ലിന്റെ രൂപത്തിൽ അംഗീകരിക്കുന്ന നടപടിയാണിത്. 2,15,813.79 കോടി രൂപയുടെ ധനവിനിയോഗ ബില്ലാണ്. പ്രസ്തുത തുക ബഡ്ജറ്റിൽ ആകെയുള്ള തുകയേക്കാൾ അധികമാണ്. വേയ്സ് ആന്റ് മീൻസ് എന്നാൽ ലോൺ എടുത്ത് തിരിച്ചടയ്ക്കുന്ന പണവും ഓവർ ഡ്രാഫ്റ്റ് എടുത്ത് തിരിച്ചടയ്ക്കുന്ന പണവുംകൂടി ചേർത്ത് വരുന്നതാണ്. അല്ലെങ്കിൽ പ്രസ്തുത തുക എവിടെ നിന്നാണെന്നുള്ള സംശയം സാധാരണഗതിയിൽ തോന്നാം. 74356 കോടി രൂപ പൊതുകടമെടുക്കുകയും മറ്റു അഡ്ജസ്റ്റ്മെന്റുകളുംകൂടി വരുന്നതാണ്. നമ്മൾ വിശദമായി ചർച്ച ചെയ്ത

കണക്കുകളുടെ അടിസ്ഥാനത്തിൽ നിയമം നിയമമാക്കി അംഗീകരിക്കണമെന്നുള്ളതാണ് അഭ്യർത്ഥന.

ലോകത്തിന്റെയും രാജ്യത്തിന്റെയും ചരിത്രത്തിലെ ഏറ്റവും ദുർഘടമായ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഇങ്ങനെയൊരു ഘട്ടത്തിൽ ലോകത്തിനുതന്നെ മാതൃകാപരമായ പല കാര്യങ്ങളും ചെയ്യുന്ന ഒരു ചെറിയ സംസ്ഥാനമാണ് കേരളം. പതിനഞ്ചാം കേരള നിയമസഭയുടെ ഈ രണ്ടാം സമ്മേളനത്തിൽ, നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ പ്രക്രിയയിലെ ഏറ്റവും പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കുന്ന ചരിത്രപരമായ ഉത്തരവാദിത്തം ഏറ്റെടുക്കാതെ, അർത്ഥമില്ലാത്തതും അടിസ്ഥാനമില്ലാത്തതും ജനങ്ങൾ തള്ളിക്കളഞ്ഞതുമായ ഒരു കാര്യത്തിന്റെ അടിസ്ഥാനത്തിൽ ജനാധിപത്യ പ്രക്രിയയിൽ പങ്കെടുക്കാതെ പ്രതിപക്ഷം പുറത്തുപോയത് ചരിത്രത്തിൽ അവരുടെ പ്രവർത്തനത്തിനുനേരെയുള്ള കറുത്ത പുള്ളിയായി വരുമെന്നതിന് യാതൊരു സംശയവുമില്ല. സാധാരണ ഒരു ഘട്ടത്തിലൂടെയല്ല നമ്മൾ കടന്നുപോകുന്നത്. ലോകത്തെ പ്രശസ്തരായ പണ്ഡിതരെല്ലാം ആഗോളവല്ക്കരണ കാലത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഒരു നൂറ്റാണ്ടിലെ ഏറ്റവും മോശമായ സാമ്പത്തിക അസമത്വമാണ്

ആഗോളവല്ക്കരണ കാലഘട്ടം സമ്മാനിച്ചതെന്നാണ് പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞൻ 'തോമസ് പിക്കറ്റി'യുടെ പഠനങ്ങൾ കാണിക്കുന്നത്. ആ ഒരു ഘട്ടത്തിൽനിന്ന് വീണ്ടും മുന്നോട്ട് പോയതിനുശേഷം, കാലാവസ്ഥാ വ്യതിയാനവും സാമ്പത്തികമാന്ദ്യവും അതിനൊപ്പംവന്ന ആരോഗ്യ പ്രതിസന്ധിയും ലോകത്ത് വലിയ ബുദ്ധിമുട്ടുകളും സമ്പദ് വ്യവസ്ഥയിൽ വലിയ ആഘാതങ്ങളുമുണ്ടാക്കുന്നു. കോവിഡിന്റെ മൂന്നാം തരംഗം നമ്മുടെ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ആരംഭിച്ചുകഴിഞ്ഞെന്ന വാർത്തകൾ ആധികാരികമായിട്ടല്ലെങ്കിലും വരുന്നത് വീണ്ടും ആശങ്കയുണ്ടാക്കുന്നതാണ്. നമ്മൾ മനസ്സിലാക്കുന്നൊരു കാര്യമുണ്ട്. മറ്റ് അസുഖങ്ങളൊന്നുമില്ലാത്ത 27-30 വയസ്സുള്ള നിരവധി ചെറുപ്പക്കാരിൽ കോവിഡ് വളരെ ഗുരുതരമായി ബാധിച്ച്, പരിചയമുള്ള പല ആളുകളും വിടപറയുകയും ചിലർ വളരെ ഗുരുതരമായി കിടക്കുകയും ചെയ്യുന്ന സ്ഥിതി നമ്മുടെ നാട്ടിലുമുണ്ടാകുന്നു. എത്ര നിയന്ത്രിച്ചിട്ടും ഇത്തരം പ്രശ്നങ്ങൾ നേരിടേണ്ടി വരുന്ന ഒരു ഘട്ടത്തിൽ സാധാരണ ഗതിയിലുള്ള ഒരു സാമ്പത്തിക നയമല്ല നമ്മൾ സ്വീകരിക്കേണ്ടതെന്നുള്ളതിന് യാതൊരു സംശയവുമില്ല. പ്രത്യേകിച്ച്, കാലാവസ്ഥാ വ്യതിയാനം പോലെയുള്ള പ്രശ്നങ്ങൾ.., കൊച്ചുസംസ്ഥാനമായ

കേരളത്തിന്റെ തീരദേശമേഖലകളിൽ ഒന്നര മീറ്റർ ജലം അടുത്ത അൻപതോ നൂറോ വർഷംകൊണ്ട് ഉയർന്നുവന്നാൽ, ഇവിടെ നിരന്തരം കുട്ടനാടിനെക്കുറിച്ച് പരാമർശിക്കുന്ന ബഹുമാനപ്പെട്ട ജനപ്രതിനിധികളടക്കമുള്ള ആളുകൾക്കും വരുംതലമുറയ്ക്കും കുട്ടനാടിനെക്കുറിച്ച് പറയാൻ കഴിയുമോയെന്നുള്ള സംശയമാണ് ജലവിതാനം ഉയരുന്നത് മൂലമുണ്ടാകുന്നത്. കേരളം മഴുവെറിഞ്ഞ് ഉണ്ടാക്കിയതാണോ അല്ലയോ എന്നുള്ള ഒരു കാര്യമുണ്ടെങ്കിലും, പരശുരാമൻ മഴുവെറിഞ്ഞാണ് കേരളമുണ്ടായതെന്ന് പറയുന്ന കഥയും ഐതിഹ്യവുമൊക്കെ നിലനിൽക്കുമ്പോഴും ഒരു കാര്യം നമുക്കറിയാം. കേരളത്തിന്റെ തീരദേശമേഖലകൾ പലതും കടലിൽനിന്നും കായലാവുകയും പിന്നീട് ഉയർന്നുവന്ന് സ്വരൂപിച്ചെടുത്തതുമാണ്. അത്തരം സ്ഥലങ്ങളിൽ നേരിടുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രശ്നങ്ങളടക്കം നമ്മുടെ നാട്ടിലേയ്ക്ക് വരികയാണ്. അതിനെയെല്ലാം നേരിട്ടുകൊണ്ട് പോകേണ്ട ഒരു ഘട്ടത്തിലാണ്, കോവിഡിന്റെ ആഘാതം വന്നിരിക്കുന്നത്. ഇത് ലോകത്താകെയുണ്ടാക്കിയ ആഘാതങ്ങളെക്കുറിച്ച് നമുക്കറിയാം. കേരളത്തിൽ സംസ്ഥാന ആസൂത്രണ ബോർഡും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടും

ധനകാര്യ വകുപ്പും മൂന്നു വ്യത്യസ്ത തലങ്ങളിൽ നടത്തിയ കോവിഡ് ആഘാത പഠനങ്ങൾ കാണിക്കുന്നത് സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിൽ ജി.എസ്.ഡി.പി.-യിൽ 1.35 ലക്ഷം കോടി രൂപയുടെ കുറവും സർക്കാർ വരുമാനത്തിൽ ഏകദേശം 33,000 കോടി രൂപയുടെ നഷ്ടവുമുണ്ടാകുന്നുവെന്നാണ്. ഇത് കോവിഡ് രണ്ടാംതരംഗത്തിനുമുമ്പുള്ള കണക്കാണ്. നിലവിൽ അതിനേക്കാളും ആഘാതം കൂടുതലാണ്. ഏകദേശം അഞ്ചാറ് മാസം മുമ്പുള്ള വിവരം അടിസ്ഥാനപ്പെടുത്തി പരിശോധിക്കുമ്പോൾ, ഒരു വർഷം സംസ്ഥാനത്തിന്റെ വരുമാനത്തിൽ 33,000 കോടി രൂപയും സംസ്ഥാനത്തെ ജനങ്ങളുടെ വരുമാനത്തിൽ 1.35 ലക്ഷം കോടി രൂപയും നഷ്ടം വന്നെങ്കിൽ ഇപ്പോൾ അതിനേക്കാളും വലിയ തോതിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജനങ്ങളുടെ വരുമാനം കുറഞ്ഞു, സർക്കാരിന്റെ വരുമാനം കുറഞ്ഞു. ഇതിന് പരിഹാരമുണ്ടാക്കാൻ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള സഹായമുണ്ടാകുന്നില്ല. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗം പ്രമോദ് നാരായൺ പറഞ്ഞതുപോലെ ഫിസ്കൽ ഫെഡലിസത്തിന്റെ പ്രശ്നമുണ്ട്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ശ്രീ. മുഹമ്മദ് മുഹസിൻ, ശ്രീ. കെ. പി.

മോഹനൻ തുടങ്ങി ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും സംസാരിച്ച കേന്ദ്ര സർക്കാരിന്റെ നയങ്ങളും സംസ്ഥാനത്തെ നയങ്ങളും തമ്മിലുള്ള വ്യത്യാസം വളരെ വിശദമായി നമുക്കറിയാം. സംസ്ഥാന ഗവൺമെന്റ് ജനങ്ങളെ സഹായിക്കാൻവേണ്ടി ഉത്തേജക പാക്കേജുകൾ പ്രഖ്യാപിക്കുന്നു. സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കാനായി ജനങ്ങളുടെ വാങ്ങൽശേഷി വർദ്ധിപ്പിക്കണമെന്ന നിലയിൽത്തന്നെയാണ് സംസ്ഥാന സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരമൊരു പ്രതിസന്ധിയെ നേരിടാൻ ജനങ്ങളുടെ അടുത്ത് എങ്ങനെയാണ് നമുക്ക് ഇക്കാര്യങ്ങൾ എത്തിക്കുകയെന്നുള്ളതിന് രണ്ടുമൂന്ന് കാര്യങ്ങളുണ്ട്. ജനങ്ങൾക്കായി ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ മൂന്ന് തരത്തിൽ ചെയ്യാം. ഒന്ന് നേരിട്ട് ക്യാഷ് ആയി, മറ്റൊന്ന് ഉൽപ്പന്നങ്ങളായി അവരിലേയ്ക്ക് എത്തിക്കാം. അതുപോലെ Revenue foregone എന്നുപറയുന്ന സർക്കാരിന് അടയ്ക്കേണ്ട നികുതികളും മറ്റും തൽക്കാലത്തേയ്ക്ക് മാറ്റിക്കൊടുക്കാം. ഇങ്ങനെ മൂന്നുതരത്തിലാണ് ജനങ്ങളെ സഹായിക്കാൻ കഴിയുക.

പരിമിതമായ റിസോഴ്സുള്ള ഒരു സംസ്ഥാനത്ത് ഇതൊക്കെ ചെയ്യുന്നതിന് വളരെയധികം ബുദ്ധിമുട്ടുണ്ട്. പണം എത്തിക്കാനും

സാധനങ്ങൾ എത്തിക്കാനും ടാക്സ് ഒഴിവാക്കാനുമൊക്ക ശ്രമിക്കുമ്പോൾ വലിയ ബുദ്ധിമുട്ട്, ശ്വാസംമുട്ടൽ, അനുഭവിക്കേണ്ടി വരും. എന്നാലും, ജനങ്ങളെ സഹായിക്കാൻ അത്തരം കാര്യങ്ങൾ ചെയ്യുന്നൊരു സമീപനമാണ് നമ്മൾ ഈ ഘട്ടത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിലെ ഒരു പ്രമുഖ ഇൻസ്റ്റിറ്റ്യൂട്ടായ അസീം പ്രേംജി യൂണിവേഴ്സിറ്റിയിലെ സെന്റർ ഫോർ സസ്റ്റെയിനബിൾ എംപ്ലോയ്മെന്റിന്റെ സർവ്വേ പ്രകാരമുള്ള പഠനത്തിൽ 2020 ഒക്ടോബർ - ഡിസംബർ കാലയളവിൽ ഇന്ത്യയിലെ 60 ശതമാനം കുടുംബങ്ങളിലും ഭക്ഷണ ലഭ്യത കുറഞ്ഞുവെന്നാണ് കാണിക്കുന്നത്. എന്നാൽ, ലോക്ഡൗൺ കാലത്ത് ഇന്ത്യയിലെ കുടുംബങ്ങളിലെ ഭക്ഷണലഭ്യത 77 ശതമാനമായി കുറഞ്ഞു. ഇവിടെയാണ് കേരളം ലോകത്തിന് മാതൃകയാകുന്നത്. കിറ്റ് എന്തിനാണ്? തെരഞ്ഞെടുപ്പ് വരെ ഈ കിറ്റ് പോരെയെന്നൊക്കെ ചോദിക്കുന്ന ആളുകളുണ്ട്. ഇപ്പോൾ അവർ ഇവിടെ കേൾക്കാനില്ല. ഇന്ത്യയിലെ സാധാരണക്കാർക്ക് കിട്ടേണ്ട ഭക്ഷണ സാധനങ്ങളിൽ 77 ശതമാനം കുറവ് വന്നെന്ന് ദേശീയതലത്തിൽ വലിയ അംഗീകാരമുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ട് വരുമ്പോഴാണ് കേരളത്തിൽ എല്ലാ വീടുകളിലും ആവശ്യത്തിന് ഭക്ഷണമെത്തിക്കാനുള്ള

നയപരിപാടി നടത്തുന്ന ഒരു സർക്കാരാണ് ഇവിടത്തെ എൽ.ഡി.എഫ്. സർക്കാരെന്നുള്ളത് നമ്മുടെ ചരിത്രത്തിൽ രേഖപ്പെടുത്തുന്നു. Revenue foregone-ന്റെ കാര്യത്തിലും ടാക്സ് അടയ്ക്കുന്ന കാര്യത്തിലും ചില കാര്യങ്ങൾ ഈ സർക്കാർ ചെയ്തിട്ടുണ്ട്. ഞാൻ അത് വിശദീകരിക്കുന്നില്ല. റൂൾ 300 പ്രകാരം കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചതാണ്; അത്തരം കാര്യങ്ങളിലെല്ലാം ഓരോ വകുപ്പിൽ ചെയ്തതിന്റെ കണക്കുകളുമുണ്ട്. ഓരോ മേഖലയിലും ചെയ്യാവുന്ന കാര്യങ്ങൾ നമ്മൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, കഴിഞ്ഞ ദിവസം, ഞങ്ങളാരും വെള്ളത്തിലല്ല; ഞങ്ങളെ സഹായിക്കാനൊരു സർക്കാരുണ്ട് എന്നുപറഞ്ഞത് വലിയ വിവാദമാക്കിയിട്ടുണ്ട്. അതുകൊണ്ട് കുട്ടനാടിനെ അങ്ങ് പ്രത്യേകമായി പരിഗണിക്കണമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കുട്ടനാടിന് പ്രത്യേക പരിഗണന കൊടുക്കുന്നുണ്ട്. അവിടത്തെ ഓരോ കാര്യങ്ങളും ഞാൻ എടുത്തുപറയുന്നില്ല. അദ്ദേഹംതന്നെ കുറേ കാര്യങ്ങൾ പറഞ്ഞു. വിവിധ പദ്ധതികൾ നടപ്പിലായിട്ടുണ്ട്. കുട്ടനാട് പാക്കേജിന്റെ കാര്യത്തിൽ മുമ്പുണ്ടായ ഒരു തർക്കത്തെപ്പറ്റി അദ്ദേഹം പറഞ്ഞത് ഞാൻ

ആവർത്തിക്കുന്നില്ല. അന്ന് മന്ത്രിയും എം.പി.-യും എം.എൽ.എ.-യും തമ്മിലുള്ള തർക്കം. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. കുട്ടനാടിന്റെ കാര്യത്തിൽ കിഫ്ബി പദ്ധതിയിൽത്തന്നെ ഏറ്റവും മേജറായ പല പരിപാടികളുമില്ലേ? ചങ്ങനാശ്ശേരി - ആലപ്പുഴ റോഡിൽ കേരളത്തിലെ ഏറ്റവും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് എലിവേറ്റഡ് ഹൈവേയടക്കം പണിയുന്നതിന് വലിയ തുക മാറ്റിവച്ചിട്ടുള്ളതിനെക്കുറിച്ച് അങ്ങേയ്ക്ക് അറിയാവുന്നതാണ്. കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ഏറ്റവും വലിയ പ്രശ്നമുണ്ടായതിലൊന്ന് തണ്ണീർമുക്കം ബണ്ടിന്റെ ഭാഗത്തേതാണ്. അതുപോലെതന്നെ കാർത്തികപ്പള്ളിയുടെ ഭാഗത്ത് കടലിലേയ്ക്ക് തുറക്കുന്ന ചീപ്പിന്റെ പ്രശ്നമായിരുന്നു. വളരെ വലിയ റിസ്ക് എടുത്താണ് അത് തുറന്നത്. ഇപ്പോൾ അവിടെനിന്നും വെള്ളം ഒഴുക്കിവിടുന്നുണ്ട്. ആ ഭാഗം കുറച്ച് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവേയും തുറന്നിട്ടുണ്ട്. ബാക്കി നിർമ്മാണ പ്രവൃത്തികളെല്ലാം ചെയ്യുന്നുണ്ട്. ആശങ്കയുണ്ടാകണം, പക്ഷെ, ബഹുമാന്യനായ മെമ്പറുടെ ആശങ്ക അസ്ഥാനത്താണ്. എല്ലാ സഹായവുമുണ്ടാകും. കുട്ടനാട്ടിലെ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ കാര്യങ്ങൾ ചെയ്ത ഒരു ഗവൺമെന്റാണ് എന്ന് അദ്ദേഹം അനുഭവത്തിൽനിന്നും

പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയാണ്. കേരളത്തിലെ നെല്ലറകളിലൊന്നായ കുട്ടനാടിനെ സഹായിക്കാൻ കൂടുതൽ കാര്യങ്ങളുണ്ടാകും.

ഈ ഗവൺമെന്റ് വന്നശേഷം പഴയ ബഡ്ജറ്റിനൊപ്പം കൂട്ടിച്ചേർത്തുകൊണ്ട് ഞാൻ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ ഒന്നാമത് പറഞ്ഞത് ആരോഗ്യ അടിയന്തരാവസ്ഥയെപ്പറ്റിയാണ്. ആരോഗ്യ അടിയന്തരാവസ്ഥയിൽ നമ്മൾ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുവെന്നുള്ളതിന്റെ കണക്കുകൾ വരുന്നുണ്ടല്ലോ? ഏറ്റവുമൊടുവിൽ കോവിഡ് വാക്സിന്റെ കാര്യത്തിൽ കേന്ദ്രഗവൺമെന്റ് വാക്സിൻ എല്ലാവർക്കും എത്തിച്ചുതരണമെന്ന് പറഞ്ഞു. അവർക്ക് എത്തിച്ചുതരാനുള്ള പരിമിതികൊണ്ട് അല്ലെങ്കിൽ ബുദ്ധിമുട്ടുകൊണ്ട് ചെയ്യുന്നില്ല. നമ്മൾ ഇപ്പോൾ തീരുമാനിച്ചു. കേരളത്തിന്റെ മെഡിക്കൽ സർവ്വീസുമായി ബന്ധപ്പെട്ടുള്ള ഗവൺമെന്റിന്റെ ഒരു കോർപ്പറേഷനുണ്ട്. 120 കോടിരൂപ ഗവൺമെന്റ് അനുവദിച്ചു. 20 ലക്ഷം ഡോസ് വാക്സിൻ വാങ്ങുന്നതിനായി ഓർഡർ കൊടുത്തു. അത് നമ്മുടെ നാട്ടിലെ സ്വകാര്യ ആശുപത്രികൾവഴി കൊടുക്കാനാണ്. കൊമേഴ്സ്യൽ ബേസിസിലെ

കൊടുക്കാൻ പറ്റൂ. പക്ഷെ, അതിന് വേറെ ചാർജൊന്നും ഗവൺമെന്റ് ഈടാക്കുന്നില്ല. അതിലെ ഗുണമെന്താണ്? ഇന്നിപ്പോൾ വലിയ ക്വാണ്ടിറ്റിയിൽ മേടിക്കുന്ന ആശുപത്രികൾക്കേ കൊടുക്കാൻ പറ്റൂ. തിരുവനന്തപുരം ജില്ലയെടുത്താൽ അഞ്ചോ, ആറോ പ്രധാനപ്പെട്ട ആശുപത്രികളേയുള്ളൂ. അവർക്ക് വലിയ തുക മുടക്കിയാലേ ലൈസൻസ് കിട്ടൂ, അല്ലെങ്കിൽ എടുക്കാൻ പറ്റൂ. നമ്മൾ വാങ്ങിക്കഴിഞ്ഞാൽ നമ്മുടെ ചെറിയ ചെറിയ ഗ്രാമങ്ങളിലുള്ള ആശുപത്രികളിൽ വാക്സിനെടുക്കാൻ പോകുന്ന നൂറോ, ഇരുന്നൂറോ പേർക്ക് വാക്സിൻ കൊടുക്കാൻ സാധിക്കും. എന്റെ വീടിനടുത്ത്, പത്തനാപുരത്തെ ആശുപത്രിയിൽനിന്നും വാക്സിൻ കിട്ടുകയാണെങ്കിൽ ഞാൻ അവിടേയ്ക്ക് പോകും. കൊട്ടാരക്കര ആശുപത്രിയിൽ കിട്ടിയാൽ കൊട്ടാരക്കര ആശുപത്രിയിൽ പോകും. കൊട്ടാരക്കരയിൽനിന്നും കൊല്ലം ടൗണിലേയ്ക്ക് പോകേണ്ടയാൾ കൊട്ടാരക്കര ആശുപത്രിയിൽനിന്നും വാക്സിൻ ലഭിക്കുകയാണെങ്കിൽ അവിടെപ്പോയി ആ വാക്സിനെടുക്കും. തൃത്താലയിൽ വാക്സിൻ ലഭിക്കുകയാണെങ്കിൽ അവിടെയുള്ളയാൾക്ക് അത് സൗകര്യമാകും, പാലക്കാട് പോകേണ്ടിവരില്ല. പരമാവധിയാളുകൾ അത് എടുക്കും.

അങ്ങനെയൊരു നയമാണ്. 20 ലക്ഷം ഡോസ് വാക്സിനായി ഓർഡർ നൽകിയിട്ടുണ്ട്. അത് വന്നശേഷം ഉപയോഗിച്ച് കഴിഞ്ഞാൽ വീണ്ടും വാങ്ങി ഈ കോർപ്പറേഷൻവഴി തന്നെ കൊടുക്കും. അത് ലഭ്യത വർദ്ധിപ്പിക്കുന്ന ഒരു കാര്യമാണ്. ഇന്ത്യയിൽ ഒരു സംസ്ഥാന ഗവൺമെന്റ് അങ്ങനെയൊരു ഇടപെടൽ നടത്തുന്നത് ഇതാദ്യമാണ്. കേരളത്തിലെ ഗവൺമെന്റാണ് വാക്സിന്റെ കാര്യത്തിൽ ചെയ്തത്.

ശ്രീമതി യു. പ്രതിഭ: സർ, വാക്സിൻ സാർവ്വത്രികമാക്കുന്നുണ്ടല്ലോ? ഇവിടെ തെരുവിൽ അന്തിയുറങ്ങുന്ന ഒരുപാട് മനുഷ്യരുണ്ട്. അവരുടെ പ്രശ്നങ്ങൾ ഇപ്പോൾ നമ്മുടെ അടുത്തേയ്ക്ക് വരുന്നുണ്ട്. അവർക്ക് വാക്സിൻ എങ്ങനെ നല്കാൻ കഴിയും. അതിനെക്കുറിച്ച് ഒന്ന് ആലോചിക്കാമോ? അതോടൊപ്പം കൂട്ടമായി ജോലി ചെയ്യുന്ന കശുവണ്ടി ഫാക്ടറി, ചെമ്മീൻ പീലിംഗ് ഷെഡ്ഡ് എന്നിവിടങ്ങളിലെ തൊഴിലാളികളെ കേന്ദ്രീകരിച്ചുകൊണ്ട് വാക്സിൻ കൊടുക്കുന്നതിനെക്കുറിച്ച് കൂടി ആലോചിക്കുമോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, പല സഹകരണ ബാങ്കുകളും അവരുടെ പൊതുനന്മ ഫണ്ടിൽനിന്നും അവർ വാങ്ങി ഉപയോഗിച്ചോളാമെന്ന് ഇപ്പോൾ ചോദിക്കുന്നുണ്ട്. അങ്ങനെ വല്ലതും

ചെയ്യാൻ പറ്റുമോ; സാങ്കേതികമായ തകരാർ അതിലുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: സർ, തോട്ടം മേഖലയിലെ തൊഴിലാളികളുടെ വിഷയം നമ്മൾ വളരെ സജീവമായി ഉന്നയിച്ചിട്ടുണ്ട്. അവർ വളരെ റിമോട്ട് ആയിട്ടുള്ള ഏരിയയിലാണ് താമസിക്കുന്നത്. അതുകൊണ്ടുതന്നെ അവർക്ക് വന്ന് വാക്സിനെടുക്കാൻ കഴിയാത്തൊരു സാഹചര്യമുണ്ട്. അങ്ങനെയുള്ള ഒരു പ്രശ്നം നേരിടുകയാണ്. അതുകൊണ്ട് ലയങ്ങളിൽ വലിയതോതിൽ കോവിഡ് വ്യാപനമുണ്ടാകുന്നു. അവർക്കുകൂടി ഇത്തരത്തിൽ സ്പോട്ടിൽ വാക്സിൻ കൊടുക്കാനുള്ള സംവിധാനം ഒരുക്കാൻ കഴിയുമോ? അങ്ങേയ്ക്ക് അറിയാവുന്ന വിഷയമാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, വ്യവസായ മേഖലയിലെ പല സ്ഥാപനങ്ങളും ചെലവ് വഹിക്കാൻ തയ്യാറാണ്. അപ്രകാരം വാക്സിനേഷൻ നടത്തുന്നതിൽ വല്ല തകരാറുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, രണ്ട് പ്രശ്നങ്ങളാണുള്ളത്. ഒന്ന് തോട്ടം മേഖലയിൽ അടുത്തടുത്ത് താമസിക്കുന്നവർ, അതുപോലെ കശുവണ്ടി, കയർ പോലെയുള്ള മേഖലകളിൽ ജോലി ചെയ്യുന്നവർ, തെരുവുകളിൽ അലഞ്ഞുനടക്കുന്ന അശരണരായ, വീടില്ലാത്ത ആളുകൾക്ക്

അത്തരം ചില പദ്ധതികൾവഴി വാക്സിൻ കൊടുക്കുന്നതിന് ചില കാര്യങ്ങൾ ഗവൺമെന്റ് തയ്യാറാക്കുന്നുണ്ട്. കേന്ദ്രീകരിച്ച് വാക്സിൻ കൊടുക്കാനുള്ള പദ്ധതികൾ ഇപ്പോൾ വരുന്നുണ്ട്. അതിനകത്ത് കുറച്ചുകൂടി സപ്പോർട്ട് നമുക്ക് ചെയ്യാൻ കഴിയും. രണ്ടാമത്തെ കാര്യം നേരത്തെ പറഞ്ഞ 20 ലക്ഷം ഡോസ് വാക്സിൻ വാങ്ങിയതുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ പല സ്ഥാപനങ്ങളും നേരത്തെ വന്ന് ചോദിക്കുന്നുണ്ടായിരുന്നു. നമ്മൾ കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടാൻ പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കിട്ടുന്നതിന്റെ അളവ് കുറവുണ്ട്. എന്നാൽ സ്വകാര്യ മേഖലയ്ക്ക് 600 രൂപയ്ക്ക് കൊടുക്കുന്ന 25 ശതമാനം കോവിഷീൽഡ് വാക്സിൻ അവയിലബിൾ ആണെന്നുള്ള വിവരമുണ്ട്. അങ്ങനെയുള്ളതുകൊണ്ടാണ് ഗവൺമെന്റ്തന്നെ പണം കൊടുത്ത് ഗവൺമെന്റിന്റെ കോർപ്പറേഷൻവഴി വാങ്ങിച്ച് സ്വകാര്യ ആശുപത്രികൾക്ക് കൊടുക്കുന്നത്. അങ്ങനെ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളായാലും സ്വകാര്യ മേഖലാ സ്ഥാപനങ്ങളായാലും കഞ്ചിക്കോടോ, പാലക്കാടോ, മലമ്പുഴയോ ഉള്ള ആശുപത്രി അവർ സെലക്റ്റ് ചെയ്തശേഷം അവിടേയ്ക്ക് പോയി വാക്സിനെടുക്കുന്നതിന് ഒരു തടസ്സവുമില്ല. അതിനാവശ്യമായവ എത്തിച്ചുകൊടുക്കാൻ നമുക്ക് കഴിയും. അതോടൊപ്പം

കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടുത്ത് സി.എസ്.ആർ. ഫണ്ടുപയോഗിച്ച് ഞങ്ങൾ കുറേ വാക്സിനെത്തിക്കാമെന്ന് പറഞ്ഞ അനുഭവങ്ങൾ വരുന്നുണ്ട്. അത്തരം കാര്യങ്ങൾ നമുക്ക് സ്വാഗതം ചെയ്യണം. 50 ശതമാനത്തിൽതാഴെ ആളുകൾക്കുമാത്രമേ വാക്സിൻ എത്തിക്കാൻ കഴിഞ്ഞിട്ടുള്ളൂ. പരാമവധി ആളുകൾക്ക് വാക്സിനെത്തിക്കുന്നതിനുള്ള സഹായങ്ങൾ സ്വീകരിച്ച് കാര്യങ്ങൾ ചെയ്യാവുന്നതാണ്.

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, പ്രവാസികളുടെ കാര്യത്തിൽ വാക്സിൻ സർട്ടിഫിക്കറ്റ് കിട്ടണമെന്നുള്ള വലിയൊരു ആവശ്യമാണ്. അതൊന്ന് പരിഗണിക്കേണ്ടതാണ്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, പ്രവാസികളുടെ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് കുറച്ച് ചർച്ചകൾ ഇവിടെ നടന്നിരുന്നു. അതിന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞ മറുപടിയുണ്ട്. സർട്ടിഫിക്കറ്റിന്റെ പേരും സംബന്ധിച്ചുള്ളത്. വിസയും പാസ്പോർട്ടുമൊക്കെ ബന്ധപ്പെടുത്തി ഇപ്പോൾത്തന്നെ വിദേശത്തേയ്ക്ക് പോകണമെന്നുള്ളവർക്ക് അല്പം നേരത്തെ വാക്സിൻ നൽകുന്നതിന് പ്രിഫറൻസ് കൊടുക്കുന്നുണ്ട്. ഇതരസംസ്ഥാനങ്ങളിലെ പ്രവാസികൾക്കായി ഒരു സ്കീം ഇപ്പോൾ

തയ്യാറാക്കിയതായി അറിയില്ല. ഇപ്പോഴത്തെ ഒരു സാഹചര്യത്തിൽ പുതിയൊരു ഇന്റർവെൻഷൻകൂടി വരുന്നതോടുകൂടി ആ മേഖലയിൽ നല്ല മാറ്റമുണ്ടാകും. 20 ലക്ഷം ഡോസ് വാക്സിനെത്തിക്കഴിഞ്ഞാൽ അത് ഉപയോഗിച്ചശേഷം വളരെ പെട്ടെന്നുതന്നെ വീണ്ടും വാക്സിൻ എത്തിക്കാൻ സാധിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമുക്ക് കുറച്ചുകൂടി ഇക്കാര്യത്തിൽ അഡ്വാൻസ് ചെയ്യാൻ സാധിക്കും. ഈ പ്രശ്നങ്ങളൊക്കെ പരിഹരിക്കാനും കാര്യമായി ഇടപെടാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വാക്സിന്റെ കാര്യത്തിൽ മാത്രമല്ല, കഴിഞ്ഞ ബഡ്ജറ്റിൽ നമ്മൾ പ്രഖ്യാപിച്ച കാര്യങ്ങളിൽ എന്തൊക്കെ ചെയ്തുവെന്നാണ് ഇടയ്ക്കിടയ്ക്ക് പ്രതിപക്ഷം ചോദിക്കുന്നത്. ഇപ്പോൾ എല്ലാ നിയോജകമണ്ഡലങ്ങളിലും 10 ബെഡ്ഡുകൾ വീതമുള്ള പ്രത്യേക ഹോസ്പിറ്റൽ വാർഡ് പണിയാനുള്ള മിക്കവാറും പ്രവർത്തനങ്ങളായി എന്നുള്ളത് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിയാം. മറ്റ് മേഖലയിൽ അതിന്റെ പ്രോസസ് നടക്കുന്നു, പ്രവർത്തനങ്ങൾ നടക്കുന്നു.

കോൺട്രാക്ടർമാർക്ക് പൈസ കൊടുക്കുന്നത് സംബന്ധിച്ച് ഇവിടെ നേരത്തെ ചോദിച്ചു. അന്ന് പ്രഖ്യാപിച്ച ഓരോന്നും ഞാൻ എടുത്ത് പറയുന്നില്ല. ആശുപത്രിയുൾപ്പെടെ വിവിധ മേഖലകളിൽ പ്രവർത്തനം നടത്തിയതിന്റെ കണക്കുണ്ട്. ഭക്ഷ്യക്കിറ്റ് നേരത്തെ കൊടുത്തത് കൂടാതെ ഓണത്തിനുള്ള കിറ്റ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. വെൽഫെയർ ഫണ്ട് 1100 കോടിരൂപ അന്ന് കൊടുക്കുമെന്ന് പറഞ്ഞത് മിക്കവാറും കൊടുത്തുകഴിഞ്ഞു. അതുപോലെ ബി.പി.എൽ. ലിസ്റ്റിൽ വരാത്ത ആളുകൾക്കുള്ള പണം മിക്കവാറും കൊടുത്തുകഴിഞ്ഞു. കോൺട്രാക്ടർമാർക്ക് 1700 കോടിരൂപ അഡ്വാൻസ് ചെയ്ത് കൊടുക്കുമെന്ന് പറഞ്ഞതിൽ 1448 കോടിരൂപ ഇപ്പോൾത്തന്നെ കൊടുത്തുകഴിഞ്ഞു. ബാക്കി കൊടുത്തുകൊണ്ടിരിക്കുകയാണ്. ലോൺ കൊടുക്കുന്ന വിവിധ പദ്ധതികൾ, വ്യാപാരികൾ ഉൾപ്പെടെയുള്ളവർക്കുള്ള പദ്ധതികളെല്ലാം നമ്മൾ പ്രഖ്യാപിച്ചു. ആത്മാർത്ഥമായി ആ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിലെ ഉല്പാദനവുമായി ബന്ധപ്പെട്ട് ഭക്ഷ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കൃഷി വകുപ്പുമന്ത്രിയെക്കൂടി സഹകരിപ്പിച്ചുകൊണ്ട് ഓണക്കിറ്റിൽ ഏലയ്ക്കയും കശുവണ്ടിയും നെയ്യുംകൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു. ഈ മൂന്ന്

സാധനങ്ങളുടെയും വില കൂടുതലാണ്. കൊല്ലത്തുനിന്നും ആവശ്യത്തിന് കശുവണ്ടി കിട്ടിയില്ല. സർക്കാർ ഇങ്ങനെയൊരു കാര്യം പ്രഖ്യാപിച്ചിട്ട് നിങ്ങൾ ആവശ്യത്തിന് കശുവണ്ടി കൊടുക്കാത്തത് കഷ്ടമാണെന്ന് ഞങ്ങൾ അവരോട് പറഞ്ഞു. കശുവണ്ടി പരിപ്പിന്റെ വില കിലോഗ്രാമിന് അമ്പതും നൂറും രൂപ വർദ്ധിച്ചു. ഡിമാന്റ് വർദ്ധിച്ചത് വ്യവസായത്തിന് ഗുണമായി. ഒരു കിലോഗ്രാം ഏലക്കായ്ക്ക് 150 രൂപ മുതൽ 300 രൂപവരെ വർദ്ധിച്ചു. കൃഷിക്കാരുടെ ഉല്പന്നങ്ങൾക്ക് നല്ല വില കിട്ടി. നെയ്യുടെ കാര്യത്തിലും ഇതാണ് സ്ഥിതി. കൊടുക്കുന്ന എല്ലാ ഉല്പന്നങ്ങൾക്കും മാർക്കറ്റ് ഇന്റർവെൻഷൻ വഴിയുണ്ടായ ഗുണത്തിന്റെ അനുഭവമാണിത്. കശുവണ്ടി മേഖലയിൽ വലിയ ബുദ്ധിമുട്ടുകളുണ്ട്. ഇപ്രാവശ്യം അവരുമായി നടന്ന ചർച്ച കുറേദിവസം നീണ്ടുപോയി. കഴിഞ്ഞ തവണ ഐ.ആർ.സി. (Industrial Relationship Committee) മീറ്റിംഗിൽ അവർ ഒപ്പിടാതെയാണ് പോയത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും പങ്കെടുത്ത യോഗത്തിൽ കഴിഞ്ഞ തവണ കൊടുത്ത ആനുകൂല്യങ്ങളും ബോണസും ഉൾപ്പെടെ ഇപ്രാവശ്യവും കൊടുക്കാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ചർച്ച ഒത്തുതീർപ്പായി. ഈ പ്രതിസന്ധി ഘട്ടത്തിൽ

ഒരു മേഖലയിൽ മാത്രമല്ല, മിക്കവാറും എല്ലാ മേഖലയിലും ഇക്കാര്യങ്ങൾ നടക്കുന്നുണ്ട്. അതുകൊണ്ട് ഗുണമുണ്ട്. നമ്മുടെ നാട്ടിലെ സർക്കാർ ഉദ്യോഗസ്ഥരടക്കമുള്ളവർക്ക് ആനുകൂല്യം നൽകുമെന്ന് കഴിഞ്ഞ ദിവസം പറഞ്ഞു. അതിൽ ഏറ്റവും താഴ്ന്ന വരുമാനക്കാരായ മുപ്പതിനായിരത്തോളം ആളുകൾക്ക് മാത്രമാണ് ബോണസ് ലഭിക്കുന്നത്. മറ്റുള്ളവർക്ക് ഫെസ്റ്റിവൽ അലവൻസാണ് ലഭിക്കുക. അക്കൂട്ടത്തിൽ ആശാവർക്കർ, അങ്കണവാടി ജീവനക്കാർ, വിവിധ മേഖലകളിലെ ജീവനക്കാരും ഉൾപ്പെടുന്നുണ്ട്. ഈ മേഖലയിൽ 13 ലക്ഷത്തോളം ആളുകളുണ്ട്. എല്ലാത്തരം തൊഴിലാളികൾക്കും ആനുകൂല്യം കൊടുക്കും. കശുവണ്ടി തൊഴിലാളികളുടെ ആനുകൂല്യം മാത്രമല്ല അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്കും ആനുകൂല്യം നൽകാൻ ഇന്നലെ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, സഭ ബഹിഷ്കരിച്ച് പോയവർക്കും സർക്കാരിനെ വേണമെന്നുള്ളതിന്റെ തെളിവല്ലേ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ നിവേദനവുമായി ഇവിടെ വന്നിട്ടുള്ളത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, അങ്ങനെ വരാൻ അവകാശമുണ്ടോ?

<u>മി. സ്പീക്കർ</u>: സഭാംഗങ്ങൾക്ക് സഭയിൽ വരാനുള്ള അവകാശമുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കോവിഡ് സാഹചര്യത്തിൽ ഇവിടെ ചർച്ച നടത്തുമ്പോൾ ബോണസിന്റെയും മറ്റും കാര്യത്തിൽ ആശങ്കയുണ്ടായിരുന്നു. ഗവൺമെന്റ് മേഖലയിൽ കൊടുക്കുന്നത് മാത്രമല്ല, സ്വകാര്യ മേഖലയിലെ ആളുകളെയും വളരെ പോസിറ്റീവായി കാണുന്നുവെന്ന നിലയിലാണ് കശുവണ്ടി തൊഴിലാളികളുടെ കാര്യം ഉദാഹരണമായി പറഞ്ഞത്. തോട്ടം മേഖലയിലും മറ്റും പരിമിതികളുള്ളിൽ നിന്നുകൊണ്ട് പരമാവധി സഹായിച്ച് മുന്നോട്ടുപോകുന്ന പ്രവർത്തനമാണ് നടക്കുന്നത്.

അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിൽ ഇരുപത്തിയെട്ടായിരത്തോളം തൊഴിലാളികളുണ്ട്. അവർക്ക് 2000 രൂപയും 25 രൂപ നിരക്കിൽ 10 കിലോഗ്രാം അരിയും കൊടുക്കാൻ ഇന്നലെ തീരുമാനിച്ചു. ഓരോ മേഖലയിലും ഇതുപോലെയാണ്. കയർ, പ്ലാന്റേഷൻ, ലോട്ടറി തുടങ്ങി മറ്റെല്ലാ മേഖലയിലുള്ള തൊഴിലാളികൾക്കും നൽകുന്ന ആനുകൂല്യത്തെ സംബന്ധിച്ച് തീരുമാനിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ: സർ, കശുവണ്ടി, കയർ മേഖലയിലെ തൊഴിലാളികൾക്ക് കൊടുക്കുന്നതുപോലെ ബീഡി തൊഴിലാളികൾക്കും

പ്രത്യേക സഹായം അനുവദിക്കുമോ?

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കശുവണ്ടി തൊഴിലാളികളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കൊല്ലം ജില്ലയിൽത്തന്നെ പല സ്വകാര്യ ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. അത്തരം ഫാക്ടറികളിലെ തൊഴിലാളികൾക്ക് അങ്ങ് പറഞ്ഞ ആനുകൂല്യം നൽകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കശുവണ്ടി മേഖലയിലെ അടഞ്ഞുകിടക്കുന്ന ഫാക്ടറികളിൽ ഇരുപത്തിയെട്ടായിരത്തോളം തൊഴിലാളികളുണ്ട്. അവർക്ക് 2000 രൂപവച്ച് ഫെസ്റ്റിവൽ അലവൻസും 25 രൂപയ്ക്ക് 10 കിലോ അരിയും കൊടുക്കാൻ ഇന്നലെ തീരുമാനിച്ചിട്ടുണ്ട്. ഈ മേഖലയിൽ മാത്രമല്ല, ബീഡി തൊഴിലാളികൾ ഉൾപ്പെടെയുള്ള മറ്റ് മേഖലകളിലും കൊടുക്കുന്ന ഇത്തരം ചില പദ്ധതികളുണ്ട്. ഇതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിൽനിന്നൊക്കെ വരുന്ന ഫയലുകൾ കൈകാര്യം ചെയ്യുന്നുണ്ട്. ഇന്നും നാളെയുമായി അതിന് തീരുമാനമാകുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, രണ്ട് കാര്യങ്ങളാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തൊഴിലാളി മേഖലയിലെ ലയങ്ങൾ

നവീകരിക്കുന്നതിനുവേണ്ടി അങ്ങ് ബഡ്ജറ്റിൽ ഒരു പ്രസ്താവന നടത്തിയിട്ടുണ്ട്. അതിന് അടിയന്തരമായി പണം നൽകുമോ? പൊതുമേഖലാ സ്ഥാപനങ്ങളായ എസ്.എഫ്.സി.കെ., പുനലൂർ മണ്ഡലത്തിലെ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ എന്നിവയുടെ ലയങ്ങളെല്ലാം തകർന്ന നിലയിലാണ്. പത്തും ഇരുപതും വർഷമായി തൊഴിലാളികൾ അവിടെ കഴിയുകയാണ്. ലൈഫ് പദ്ധതി പോലെയുള്ള നല്ല പദ്ധതികൾ ഗവൺമെന്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലയങ്ങൾ നവീകരിക്കാനുള്ള സംവിധാനം ചെയ്യുമോ? സ്വകാര്യ ആളുകളെക്കൊണ്ട് ചെയ്യിക്കുന്നതും നല്ലതുതന്നെ. പെട്ടിമുടി ദുരന്തത്തിലൊക്കെ നമ്മൾ കണ്ടതാണ്. അവിടത്തെ ക്വാർട്ടേഴ്സുകളുടെ സ്ഥിതി വളരെ ദയനീയമാണ്. അവർ പ്ലാസ്റ്റിക് പടുതയിട്ടാണ് കിടക്കുന്നത്. ഇതൊക്കെ മാറ്റുന്നതിനുള്ള പദ്ധതി പെട്ടെന്നുതന്നെ നടപ്പിലാക്കുമോ? അതുപോലെ, ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റിൽ അവതരിപ്പിച്ച കിഫ്ബി പദ്ധതികൾ നടക്കാതെ പോകുന്നുണ്ട്. ബഡ്ജറ്റിൽ വന്ന ഡോക്യുമെന്റ് സഭയ്ക്ക് നൽകിയ ഉറപ്പാണ്. അത് പരിഗണിച്ച് ആ പദ്ധതികൾ കിഫ്ബിയിൽ ചെയ്യാൻ ബുദ്ധിമുട്ടാണെങ്കിൽ പകരം എം.എൽ.എ.-മാർക്ക് പി.ഡബ്ല്യൂ.ഡി.-

യിൽത്തന്നെ എ.എസ്. നൽകി പൂർത്തിയാക്കാൻ സൗകര്യം ചെയ്യുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, അടച്ചിട്ട കശുവണ്ടി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കുൾപ്പെടെ 2000 രൂപ ആനുകൂല്യം പ്രഖ്യാപിച്ചുവെന്ന് പറയുന്നത് വളരെ സന്തോഷകരമായ കാര്യമാണ്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് കഴിഞ്ഞ 5 വർഷക്കാലവും സാമൂഹ്യസുരക്ഷാ വകുപ്പ് ഓണക്കാലത്ത് 1000/- രൂപ പ്രത്യേകമായി അനുവദിച്ചിരുന്നു. അത്തരം ആനുകൂല്യം ഈ വർഷവും നൽകുമോ?

<u>ശ്രീമതി സി. കെ. ആശ</u>: സർ, ഇരട്ട വീടുകളുള്ള ഒട്ടേറെ കോളനികളുണ്ട്. അതുപോലെ, നാല് സെന്റ് കോളനി, രാജീവ് ഗാന്ധി കോളനി എന്നിവിടങ്ങളിലെ കാലപ്പഴക്കം ചെന്നതും ജീർണ്ണാവസ്ഥയിലായതുമായ നിരവധി വീടുകളുടെ നവീകരണത്തിനായി ഒരു പദ്ധതികൂടി ഈ സർക്കാരിന്റെ കാലഘട്ടത്തിലുണ്ടാകുമോ? ലൈഫ് പദ്ധതിയിൽ അവർക്കെല്ലാം വീട് കിട്ടാനുള്ള സാഹചര്യമുണ്ടായിട്ടില്ല. അതിൽ ഏറ്റവും പ്രധാനമായി ഇരട്ട വീടുകളെ ഒറ്റവീടുകളാക്കുന്ന പദ്ധതി നടപ്പാക്കുമോ?

ശ്രീ. വാഴൂർ സോമൻ: സർ, സ്കൂൾ പാചക തൊഴിലാളികൾക്കുള്ള കുടിശ്ശികയും ഓണത്തോടനുബന്ധിച്ചുള്ള ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. നന്ദകുമാർ: സർ, പാവപ്പെട്ടവർക്കുവേണ്ടി പല ആനുകൂല്യങ്ങളും അങ്ങ് പ്രഖ്യാപിച്ചു. സെൻട്രൽ ഗവൺമെന്റ് മില്ലുകളായ എൻ.ടി.സി.എൽ. (നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്) മില്ലുകൾ ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. അവിടെയുള്ള തൊഴിലാളികൾ പട്ടിണിയിലാണ്. കേന്ദ്ര സർക്കാർ ഒന്നും കൊടുക്കുകയില്ല. അവിടെയുമില്ല ഇവിടെയുമില്ലാത്ത അവസ്ഥയിലുള്ള ആയിരം തൊഴിലാളികൾ കേരളത്തിലുണ്ട്. അവർക്ക് 1000 രൂപ വീതം നൽകാൻ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: ചർച്ച ഒഴിവാക്കിയതുകൊണ്ടാണ് കുറച്ച് ഉദാരമായ സമീപനമെടുത്തത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സമയത്തിന്റെ പ്രശ്നമുള്ളതുകൊണ്ട് പെട്ടെന്ന് അവസാനിപ്പിക്കാം. ലയങ്ങളുടെ കാര്യം നേരത്തെ പറഞ്ഞതുപോലെതന്നെ തുടരും. അത് ചെയ്യുന്നതിന് ഒരു

തടസ്സവുമില്ല. എങ്ങനെയാണെന്നുള്ളത് പ്രായോഗികമായി നോക്കണം. ലയങ്ങളുടെ നവീകരണത്തിന് സർക്കാർ തീരുമാനം എടുത്തതാണ്. അത് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ചെയ്യുന്നതാണ്.

സർക്കാരിന് സാമ്പത്തിക ബുദ്ധിമുട്ടാണെങ്കിലും എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഒരു കുറവും വരുത്തുകയില്ല. കഴിഞ്ഞ പ്രാവശ്യം അവർക്ക് കൊടുത്തതുപോലെ ഇപ്രാവശ്യവും കൊടുക്കും.

ഇരട്ട വീടുകളെ ഒറ്റവീടുകളാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് വകുപ്പും പട്ടികജാതി വകുപ്പും ചേർന്ന് ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഞാൻ ബഹുമാനപ്പെട്ട മന്ത്രി കെ. രാധാകൃഷ്ണനുമായി സംസാരിച്ചിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിഗണിച്ച് നടപടി സ്വീകരിക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഇരട്ട വീടുകൾ പട്ടികജാതി മേഖലയിൽ മാത്രമല്ല ലക്ഷം വീട് കോളനികളിലുമുണ്ട്. അത് ഒറ്റ വീടാക്കുന്ന പദ്ധതി സംസ്ഥാന സർക്കാർ ആലോചിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ലക്ഷം വീട് കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്ന പദ്ധതി ലോക്കൽ അഡ്മിനിസ്ട്രേഷന്റെ

കീഴിൽ വരുന്നതാണ്. അത് സ്പീഡ് അപ് ചെയ്യുമോ എന്നാണ് ചോദിച്ചത്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പഴയകാലത്തുണ്ടായിരുന്ന ലക്ഷംവീട് കോളനി ഉൾപ്പെടെയുള്ളവ ഇരട്ട വീടുകളാണ്. രണ്ട് കുടുംബം ഒരു വീട് എന്ന രീതിയിൽ പാർട്ടീഷൻ ചെയ്താണ് ജീവിക്കുന്നത്. അതെല്ലാം ഒറ്റ വീടാക്കി മാറ്റുന്നതിനുള്ള പദ്ധതി കുറേ വർഷമായി നടന്നുവരികയാണ്. അപൂർവ്വം പഞ്ചായത്തുകളിൽ മാത്രമാണ് ഇപ്പോഴും ഇരട്ട വീടുകളുള്ളത്. അത് മാറ്റാനുള്ള ഫലപ്രദമായ ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പാചകത്തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യം തുടരുന്നതാണ്. ബഹുമാനപ്പെട്ട അംഗം, ശ്രീ. പി. നന്ദകുമാർ ഉന്നയിച്ച എൻ.ടി.സി. മില്ലിന്റെ കാര്യത്തിൽ നിലവിലെ സ്ഥിതി എന്താണെന്ന് നോക്കിയാൽ മാത്രമേ എനിക്ക് പറയാൻ സാധിക്കുകയുള്ളൂ. കോവിഡിന്റെ പശ്ചാത്തലത്തിലും ഓണക്കാലമായതുകൊണ്ട് കൊടുത്തുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ എല്ലാവർക്കും കൊടുക്കാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്.

കോവിഡുമായി ബന്ധപ്പെട്ട് ഗവേഷണ പ്രവർത്തനങ്ങൾ നടത്താനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രത്യേകം യോഗം ചേർന്നിരുന്നു. കോവിഡ് വാക്സിൻ ഉല്പാദിപ്പിക്കുന്ന കമ്പനികളുമായി ഇടപെട്ട് ആദ്യഘട്ടം എന്ന നിലയിൽ ബോട്ടിൽ ഫിൽ ചെയ്യാനും മാർക്കറ്റിംഗ് അടക്കമുള്ള കാര്യങ്ങൾ നടപ്പാക്കാനുമുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡുമായി ബന്ധപ്പെട്ടുള്ള റിസർച്ചിന്റെ കാര്യത്തിലും ഉല്പാദനത്തിന്റെയും സ്ഥലമുൾപ്പെടെയുള്ള കാര്യങ്ങളും നടപ്പിലാക്കാനുള്ള തീരുമാനങ്ങളുമായി മുന്നോട്ടുപോകുകയാണ്.

കഴിഞ്ഞദിവസം തൊഴിലുറപ്പ് പദ്ധതിയെപ്പറ്റി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും ഇവിടെ പറഞ്ഞതാണ്. 100 ദിവസം തൊഴിൽ പൂർത്തിയാക്കിയ തൊഴിലാളികൾക്കാണ് 1000 രൂപ വച്ച് ഓണത്തിന് കൊടുക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ ഒരു കാര്യം പറഞ്ഞിരുന്നു. ഇപ്പോൾ കോവിഡിന്റെ സാഹചര്യമായതുകൊണ്ട് അവർക്ക് അത്രയും ദിവസം തൊഴിൽ എടുക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഇപ്രാവശ്യം 75 ദിവസം പണിയെടുത്തിട്ടുള്ള തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആയിരം രൂപ വച്ച്

കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സാമ്പത്തികമായി വലിയ പ്രതിസന്ധി നേരിടുന്ന മേഖലയാണ് മോട്ടോർ വാഹനമേഖല. മോട്ടോർ വാഹനമേഖലയിൽ ബസ്സുകൾ, ടൂറിസ്റ്റ് ബസ്സുകൾ, കോൺട്രാക്ട് ക്യാരേജസ് എന്നിവ ഓടാതെ കിടക്കുകയാണ്. സ്റ്റേജ് ക്യാരേജസ് പ്രൈവറ്റ് ബസ്സുകളാണ്. ഞാൻ ഇതുസംബന്ധിച്ച് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റുമായി സംസാരിച്ചിരുന്നു. സ്റ്റേജ് ക്യാരേജിൽ 40,000 വണ്ടികൾ വരെ ഉണ്ടായിരുന്നു. ഇപ്പോൾ 14,000 വണ്ടികൾ ഉള്ളതിൽ ടാക്സ് അടയ്ക്കുന്നത് 12,000 വണ്ടികൾക്കാണ്. പ്രൈവറ്റ് ബസ്സുകൾ കുറഞ്ഞു; ടൂറിസ്റ്റ് ബസ്സുകളുടെ കാര്യത്തിലും പ്രശ്നമുണ്ട്. 40,000 പേരുള്ളതിൽ 10,000-ത്തോളം വരുന്നവർ സി-ഫോം കൊടുത്ത് വണ്ടി ഓടിക്കുന്നില്ലായെന്ന് പറഞ്ഞ് ഇപ്പോൾ ടാക്സ് കൊടുക്കുന്നില്ല. ആ മേഖലയിൽ ഏപ്രിൽ, മേയ്, ജൂൺ മാസംവരെയുള്ള ഒരു ക്വാർട്ടറിൽ അവരുടെ നികുതി ഒഴിവാക്കിക്കൊടുക്കുകയാണ്. അവരുടെ വണ്ടി ഓടാതെ കിടക്കുന്നത് സർക്കാരിന് വലിയൊരു ബാധ്യതയാണ്. ഓട്ടോറിക്ഷയ്ക്കും ടാക്സിക്കും ക്വാർട്ടർ ബേസ്ഡ് ടാക്സ് അല്ല. അവരുടെ കാര്യത്തിൽ ആനുപാതികമായി എങ്ങനെ സഹായിക്കണം എന്നുള്ളത്

ആലോചിക്കേണ്ടി വരും. വലിയ തുക ഇല്ലെങ്കിലും അവർ ഒരു വർഷത്തേയ്ക്ക് ഒരുമിച്ചാണ് ടാക്സ് അടയ്ക്കുന്നത്. അവർക്ക് വണ്ടി ഓടിച്ചുതുടങ്ങണമെങ്കിൽ അതിനൊരു വർക്കിംഗ് ക്യാപ്പിറ്റൽ വേണം. നേരത്തെ വ്യാപാരികൾക്കുവേണ്ടി പ്രഖ്യാപിച്ച സ്കീം അനുസരിച്ച് 2 ലക്ഷം രൂപവരെയുള്ള ലോണിന് 4 ശതമാനം പലിശ സബ്സിഡി കൊടുക്കുന്ന സംവിധാനം ഈ മേഖലയിലും ബാധകമാക്കുകയാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, പല പാക്കേജുകളും സർക്കാർ ജീവനക്കാർക്ക് ആനുകൂല്യങ്ങളും പ്രഖ്യാപിച്ചു. അതിലൊന്നും ഉൾപ്പെടാത്ത ഒരു വിഭാഗമാണ് ഹോട്ടൽ ജീവനക്കാർ. ഇപ്പോൾ ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന് കീഴിൽ വരുന്ന ഷോപ്പുകളെല്ലാം അടച്ചിട്ടിരിക്കുന്നു. ഹോട്ടലിലാണെങ്കിൽ ഡൈനിംഗ് സൗകര്യമില്ല. അങ്ങനെ പല സ്ഥാപനങ്ങളിലെയും തൊഴിലാളികൾ വലിയ പ്രതിസന്ധി നേരിടുന്നു. ഹോട്ടലിൽ വർക്ക് ചെയ്യുന്ന തൊഴിലാളികൾക്കും കടകളിൽ വർക്ക് ചെയ്യുന്ന തൊഴിലാളികൾക്കും എന്തെങ്കിലും ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാൻ സാധിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങനെയുള്ള മേഖലകളിൽ ക്ഷേമനിധി മുഖേനയാണ് സഹായം എത്തിക്കാൻ സാധിക്കുന്നത്. വ്യാപാരികൾക്കും മറ്റും കൊടുക്കുന്നതുപോലെ ഒരു വർക്കിംഗ് ക്യാപ്പിറ്റൽ ചില കോച്ചിംഗ് സെന്ററുകളും പാരലൽ കോളേജുകളും ആവശ്യപ്പെട്ടിട്ടുണ്ട്. അതുസംബന്ധിച്ച് ചർച്ച ചെയ്യാം. ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന് കീഴിലുള്ള കടകളിലെപോലെയും നിർമ്മാണത്തൊഴിലാളികളെപ്പോലെയും ഓരോ മേഖലയിലും കൊടുക്കുന്നതിന് ഒരു സംവിധാനമുണ്ടെങ്കിൽ മാത്രമേ സഹായിക്കാൻ സാധിക്കുകയുള്ളൂ. സാമ്പത്തിക ബുദ്ധിമുട്ടിനിടയിൽ വലിയ തോതിലുള്ള ക്യാഷ് ഫ്ലോ വരുന്നത് ഓണം വരുന്ന ഈ മാസത്തിലാണ്. സ്വാഭാവികമായും നമ്മുടെ കയ്യിൽ അത്രയും തുക ഉണ്ടാകില്ല. കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് 33,000 കോടി രൂപയാണ് ഗവൺമെന്റിന്റെ ഒരു വർഷത്തെ വരുമാനത്തിൽ കുറവ് വന്നത്. ഈ വർഷം അതിനുമുകളിൽ ആയിരിക്കും. ഇപ്പോഴുള്ള സ്ഥിതിയിൽ കടകമ്പോളങ്ങൾ തുറക്കുന്നത് സംബന്ധിച്ച്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥന്മാരുടെ തലത്തിൽ ചർച്ച ചെയ്ത് ആലോചിച്ച് കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ കടകളുടെ മുന്നിൽക്കൂടി പോകുമ്പോൾ എനിക്ക് വലിയ ആശ്വാസമുണ്ട്. എല്ലായിടത്തും നല്ല തിരക്കാണ്. ആളുകൾ ധാരാളം സാധനങ്ങൾ വാങ്ങുന്നുണ്ട്. അതിനുവേണ്ടിയുള്ള പണം അവരുടെ കൈകളിൽ എത്തുന്നുണ്ട്. അത് ഇക്കണോമിക് ആക്റ്റിവിറ്റിയെ വർദ്ധിപ്പിക്കും; നമ്മുടെ നാടിന് കുറച്ച് ഗുണമുണ്ടാകും എന്ന നിലയിൽ തന്നെയാണ് കാണുന്നത്. എന്നാൽ കോവിഡിന്റെ കാര്യത്തിൽ വലിയ നിയന്ത്രണം വേണം. നമ്മുടെ നാട്, ഈ കോവിഡിന്റെ പശ്ചാത്തലത്തിൽ ഇൻഡ്യയിൽ എന്നല്ല ലോകത്തുതന്നെ ഏറ്റവും കൂടുതൽ മാതൃകാപരമായ കാര്യങ്ങളാണ് ചെയ്യുന്നത്. അങ്ങനെ ചെയ്യുന്ന എല്ലാവരെയും ചേർത്തുനിർത്താൻ ശ്രമിക്കുന്നുണ്ട്. ദേശീയതലത്തിൽ ചില ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തിയ ഗവേഷണത്തിൽ 77 ശതമാനം ആളുകൾക്ക് ആവശ്യത്തിന് ഭക്ഷണവസ്തുക്കൾ കിട്ടുന്നില്ലായെന്നാണ് സൂചിപ്പിക്കുന്നത്. അത് എല്ലാവർക്കും എത്തിച്ചുകൊടുക്കുന്നതിനുവേണ്ടിയുള്ള ഭക്ഷ്യനയം ഉൾപ്പെടെ നടപ്പാക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ കൂടുതൽ ശക്തമാക്കാൻ

എല്ലാ പിന്തുണയും എല്ലാവരുടെയും ഭാഗത്തുനിന്നുമുണ്ടാകണം. ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ii) 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>

<u>2-ഉം 3-ഉം വകുപ്പുകൾ</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.